373/2009
20.06.2009

# വിജ്ഞാപനം – 92

മിശിഹായിൽ പ്രിയപ്പെട്ടവരെ,

യേശു ശിഷ്യന്മാരെ തെരഞ്ഞെടുത്തത് അവിടുത്തോടൊപ്പം ആയിരിക്കുന്നതിനും അവിടുത്തെ ദൗത്യം ലോകാവസാനം വരെ തുടരുന്നതിനും വേണ്ടിയായിരുന്നു. "തന്നോടുകൂടിയായിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതിനും പിശാചുക്കളെ ബഹിഷ്ക്കരിക്കാൻ അധികാരം നല്കുന്നതിനുമായി അവൻ പന്ത്രണ്ടുപേരെ നിയോഗിച്ചു." എന്നാണല്ലോ വി. മർക്കോസിന്റെ സുവിശേഷത്തിൽ നാം വായിക്കുന്നത്.

നമ്മുടെ വിശ്വാസത്തിന്റെ ഉള്ളടക്കം ഒരുകൂട്ടം തത്വങ്ങളോ സത്യങ്ങളോ അല്ല, മറിച്ച് ഒരു വ്യക്തിയാണ്: വഴിയും സത്യവും ജീവനുമായ യേശുക്രിസ്തു. അവിടുത്തെയും അവിടുത്തെ പിതാവിനെയും അറിയുന്നതാണ് നിത്യജീവൻ. യേശുക്രിസ്തുവിനെ അനുഭവിക്കുന്നതും പ്രഘോഷിക്കുന്നതുമാണ് പ്രേഷിതപ്രവർത്തനങ്ങളുടെ അന്തസത്ത. യേശുവിനെ വന്ന് കാണുകയും അവിടുത്തോടൊത്ത് വസിക്കുകയും ചെയ്ത സ്നാപക യോഹന്നാന്റെ ശിക്ഷ്യന്മാർ യേശു രക്ഷകനാണെന്നും ഇസ്രായേലിന്റെ രാജാവാണെന്നും തിരിച്ചറിഞ്ഞു. അവർ അവിടുത്തെ ശിഷ്യരും പ്രേഷിതരുമായി മാറി.

യേശുവിനെ അറിയുകയും അനുഭവിക്കുകയും അവിടുത്തെ പ്രേഷിതരായി മാറുകയും ചെയ്യേണ്ടവരാണ് നമ്മൾ. വിശ്വാസത്തിൽ ആഴപ്പെടുന്നവർ പ്രേഷിതചൈതന്യത്തിൽ വളരും. പ്രേഷിതപ്രവർത്തന രംഗം ഇന്ന് വളരെയേറെ ബുദ്ധിമുട്ടുകളേയും എതിർപ്പുകളേയും നേരിടുന്നുണ്ട്. അവയൊന്നും നമ്മുടെ പ്രേഷിതചൈതന്യം കുറയുവാൻ കാരണമാകരുത്. പരിശുദ്ധാത്മാവിന്റെ ശക്തിയോടെ യേശുവിൽ നാം എല്ലായിടത്തും സാക്ഷ്യം വഹിക്കണം.

ഭാരതസഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും ഭാവിപ്രവർത്തനങ്ങൾക്ക് രൂപം നൽകുന്നതിനുമായി സി.ബി.സി.ഐയുടെ നേതൃത്വത്തിൽ ആദ്യത്തെ ഇന്ത്യൻ മിഷൻ കോൺഗ്രസ്സ് ഒക്ടോബർ 14 മുതൽ 18 വരെ മുംബൈയിലെ ഗോരെഗോണിലെ വിശുദ്ധ പത്താം പീയൂസിന്റെ കോളേജിൽ നടക്കുകയാണ്. "യേശു മഹോത്സവം" എന്നാണ് സമ്മേളനത്തിന് പേര് നൽകിയിട്ടുള്ളത്. 'നിങ്ങളുടെ വെളിച്ചം പ്രകാശിക്കട്ടെ, സന്ദേശമാകൂ, സന്ദേശ വാഹകരാകൂ' എന്നതാണ് കോൺഗ്രസ്സിന്റെ വിഷയം. ഓരോ കത്തോലിക്കാ വിശ്വാസിയും ക്രിസ്തുവിശ്വാസത്തിൽ ആഴപ്പെടുന്നതിന് വേണ്ടി മിഷനറി ദൗത്യം പുനരവലോകനം ചെയ്യുകയാണ് ഈ സമ്മേളനത്തിന്റെ ലക്ഷ്യം. ആകെ 1500 പ്രതിനിധികളാണ് കോൺഗ്രസ്സിൽ പങ്കെടുക്കുന്നത്. ഓരോ രൂപതയിൽ നിന്നും ഏഴിൽ കുറയാത്ത പ്രതിനിധിസംഘത്തെ അയയ്ക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. സമ്മേളനത്തോടനുബന്ധിച്ച് മിഷൻ പ്രവർത്തന എക്സിബിഷനും നടക്കുന്നുണ്ട്. സീറോ-മലബാർ സഭയ്ക്കും ഒരു പവലിയൻ ഉണ്ട്. നമ്മുടെ രൂപതയിൽ നിന്നും പ്രതിനിധികളായി 7 പേർ പങ്കെടുക്കും. സമ്മേളനത്തിന്റെ ചെലവ് എല്ലാ രൂപതകളും കൂടി വഹിക്കണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്. ഇതിനായി ജൂലൈ 19-ാം തിയ്യതി ഞായറാഴ്ച പ്രത്യേക പിരിവ് നടത്തണമെന്നും അതിൽ എല്ലാവരും ഉദാരമായി സഹകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. പ്രസ്തുത തുക മിഷൻ കോൺഗ്രസ്സിന്റെ ചുമതല വഹിക്കുന്ന കമ്മീഷന് അയച്ചു കൊടുക്കുവാൻ വേണ്ടി രൂപതാ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. കോൺഗ്രസ്സിന്റെ വിജയത്തിനായി നമുക്ക് ഒന്നുചേർന്ന് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

# കെ. സി. ബി. സി. സർക്കുലർ

Ref:405/K-35/KCBC/OL/DS

**അഭിവന്ദ്യ പിതാവേ,**

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആസ്ഥാനകാര്യാലയത്തിൽ നിന്നും ആശംസകൾ!

മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവ് അധ്യക്ഷനായ കെ.സി.ബി.സി. യുടെ വൈദിക വർഷത്തിനായുള്ള കമ്മിറ്റി നിർദ്ദേശിച്ചതും കെ.സി.ബി.സി. യുടെ പൊതുയോഗത്തിൽ ഉരുത്തിരിഞ്ഞതുമായ കാര്യങ്ങൾ അങ്ങയുടെ അറിവിലേക്കായി അയയ്ക്കുന്നു. സാധിക്കുന്ന പരിപാടികൾ വൈദിക വർഷത്തോടനുബന്ധിച്ച് അങ്ങയുടെ രൂപതയിൽ നടപ്പിലാക്കാൻ പരിശ്രമിക്കുമല്ലോ.

1. 2009 ജൂൺ 19 മുതൽ 2010 ജൂൺ 19 വരെയാണ് സാർവത്രികസഭ വൈദികവർഷമായി ആചരിക്കുന്നത്. വർഷാചരണത്തിന്റെ ഉദ്ഘാട നവും സമാപനവും ആഘോഷമായ രീതിയിൽ രൂപതയിലെ സന്ന്യാസ രൂപതാ വൈദികരുടെ സാന്നിധ്യത്തിൽ നടത്തുന്നത് ഉചിതമായിരിക്കും.
2. പുരോഹിതർക്കുവേണ്ടിയുള്ള പ്രാർത്ഥന ദിവ്യബലിക്കുശേഷം എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ചൊല്ലുക. എല്ലാ ഭവനങ്ങളിലും കുടുംബപ്രാർത്ഥന കഴിഞ്ഞ് പുരോഹിതർക്കുവേണ്ടി യുള്ള പ്രാർത്ഥന ചൊല്ലുന്ന രീതി നടപ്പിലാക്കുക.
3. രൂപതയിലെ ഇടവകകൾ, സന്യാസ ആശ്രമങ്ങൾ, സന്യാസിനീ മഠങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് വർഷം മുഴുവനും വൈദികരുടെ നവീകരണത്തിനും വിശുദ്ധിക്കുമായി തുടർച്ചയായി ആരാധന (chain adoartion) നടത്താൻ പരിശ്രമിക്കുക.
4. അൾത്താരശുശ്രൂഷകർ പ്രാരംഭ സെമിനാരി പരിശീലന കാലഘട്ട ത്തിലാണെന്ന് ബെനഡിക്ട് പതിനാറാമൻ മാർപാപ്പ സൂചിപ്പിച്ച സാഹചര്യത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും അൾത്താര ബാലജനസംഖ്യം രൂപീകരിക്കുക. അവർക്കായി ഇടവകതലത്തിൽ ആനിമേറ്റേഴ്സിനെ നിയോഗിക്കുക, ആഴ്ചയിൽ അവരുടെ യോഗം വിളിക്കുകയും ക്രമമായി പരിശീലനപരിപാടികൾ നടക്കുന്നെന്ന് ഉറപ്പ്





വരുത്തുകയും ചെയ്യുക. ഇതുവഴി ദൈവവിളി പ്രോത്സാഹിപ്പിക്കാൻ സാധിക്കും.

5. എല്ലാ ഇടവകകളിലും ദൈവവിളി പ്രോത്സാഹനത്തിനായി ഉത്തമരായ മാതൃകാദമ്പതികളെ കണ്ടെത്തുകയും നിയോഗിക്കുകയും ചെയ്യുക. ദൈവവിളി പ്രോത്സാഹനം അത്മായരുടെ കൂടി ദൗത്യമാണെന്ന അവബോധം വളർത്തിയെടുക്കുക.
6. മാസാദ്യ വ്യാഴാഴ്ച (വൈദിക വ്യാഴം) പ്രത്യേക പ്രാർത്ഥനകൾ ഇടവകകളിലും മഠങ്ങളിലും സ്ഥാപനങ്ങളിലും നടത്താൻ പ്രോത്സാ ഹിപ്പിക്കുക. മാസാദ്യ വെള്ളിയാഴ്ചകളിൽ വൈദികർ ഉപവസിച്ച് പ്രാർ ത്ഥിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
7. ജോൺ മരിയ വിയാനിയെയും വിശുദ്ധന്റെ ജീവിത രീതിയെയും ആധ്യാത്മികതയെയും വിശ്വാസികൾക്ക് കൂടുതൽ പരിചയപ്പെടു ത്തുക. പ്രത്യേകിച്ച് സൺഡേ സ്കൂളുകളിലും കുടുംബയോഗങ്ങ ളിലും വിശുദ്ധന്റെ ജീവചരിത്രം ചർച്ചയ്ക്ക് വിധേയമാക്കുക.
8. സഭയുടെ എല്ലാ പ്രസിദ്ധീകരണങ്ങളിലും രൂപതയിലെ ബുള്ളറ്റിനു കളിലും വൈദിക വർഷത്തെക്കുറിച്ചും ജോൺമരിയ വിയാനിയെ ക്കുറിച്ചും ലേഖനങ്ങൾ പ്രസിദ്ധീകരിക്കുകയും അതിലൂടെ വൈദിക വർഷാചരണത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധവത്കരിക്കുകയും ചെയ്യുക.
9. ഇടവക അജപാലന ശുശ്രൂഷയിൽ വ്യാപൃതരായിരിക്കുന്ന വൈദികർ ഈ വർഷം ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിക്കുകയും തങ്ങളുടെ വിളിക്കനുസരിച്ച് ജീവിക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നതിന് പ്രോത്സാഹിക്കുക.
10. പൗരോഹിത്യ വസ്ത്രം (cassock) ധരിക്കുന്നത് പ്രോത്സാഹിപ്പിക്കുക. വിളിയോടും പൗരോഹിത്യത്തോടുമുള്ള സമർപ്പണമാണ് പൗരോഹി ത്യ വസ്ത്രധാരണം വഴി വൈദികൻ പ്രകടിപ്പിക്കുന്നത്.
11. രൂപതാതലത്തിൽ വൈദികർക്ക് തുടർപരിശീലന പരിപാടികൾ സംഘടിപ്പിക്കുക. വൈദികരുടെ ഇടയിലുള്ള പ്രശ്നങ്ങൾക്ക് ശാശ്വത മായ പരിഹാരം കണ്ടെത്താൻ പരിശ്രമിക്കുക. മെത്രാനും പുരോഹി തരും തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനുള്ള പരിശ്രമങ്ങൾ നടത്തുക.

12. പുരോഹിതർക്ക് സെമിനാരി പരിശീലന കാലഘട്ടത്തിലെന്നപോലെ ആദ്ധ്യാത്മിക പിതാവും കുമ്പസാരക്കാരനും ഉണ്ടെന്ന് ഉറപ്പു വരുത്തുക. അതിനായി അവരെ പ്രോത്സാഹിപ്പിക്കുക.
13. വിവിധ റീത്തുകളിൽപെട്ട സെമിനാരികളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ പരസ്പരം മനസ്സിലാക്കാനും ഇടപഴകാനുമുള്ള അവസരങ്ങൾ കൂടുതൽ സൃഷ്ടിക്കുക. മിഷൻ പ്രദേശത്ത് സേവനം അനുഷ്ഠിക്കുന്ന വൈദികരുടെ അനുഭവങ്ങൾ സെമിനാരി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക.

14. സാധിക്കുമെങ്കിൽ വൈദികരുടെ പ്രാർത്ഥനായോഗങ്ങൾ രൂപതാതലത്തിൽ രൂപീകരിക്കുകയും സഹോദരവൈദികർക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.
15. രൂപതാ കച്ചേരികൾ, രൂപതാ ഡിപ്പാർട്ടുമെന്റുകൾ എന്നിവയിൽ സേവനം അനുഷ്ഠിക്കുന്ന പുരോഹിതരുടെ ആദ്ധ്യാത്മിക രൂപീകരണം ലക്ഷ്യംവച്ച് അവർക്കായി പ്രത്യേക ധ്യാനങ്ങളും മാസധ്യാനങ്ങളും സംഘടിപ്പിക്കുക.
16. അജപാലനശുശ്രൂഷയിൽ മാതൃകാജീവിതം കാഴ്ചവച്ച് രൂപതയിൽ നിന്ന് മരിച്ചുപോയ വൈദികരുടെ ജിവചരിത്രം ലഘുലേഖയായി പ്രസിദ്ധീകരിക്കുക. പുതിയ തലമുറയ്ക്ക് നല്ല റോൾ മോഡലുകളെ ഇതുവഴി അവതരിപ്പിക്കാൻ സാധിക്കുമല്ലോ.
17. രൂപതാതലത്തിൽ അല്മായർ, സന്യാസിനീസന്യാസിനികൾ എന്നിവരുടെ യോഗം വിളിച്ചു ചേർത്ത് വൈദിക വർഷാചരണത്തിൽ അവരുടെ പങ്ക് ഉറപ്പു വരുത്തുക.
18. വൈദികരുടെ വായനാശീലം വളർത്താനുതകുന്ന പരിപാടികൾ നടപ്പിലാക്കുക. സഭാപരമായ കാര്യങ്ങളെക്കുറിച്ച് പുരോഹിതർ കൂടുതൽ അറിയാൻ ഒസർവത്തോരെ റോമാനോ മലയാളം പതിപ്പ് എല്ലാ വൈദികർക്കും ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം നടപ്പിലാക്കുക.
19. പുരോഹിതരുടെ മാതാപിതാക്കളുടെ യോഗം രൂപതാതലത്തിൽ വിളിച്ച് ചേർക്കുക. വൈദികവർഷാചരണത്തിൽ പ്രത്യേകിച്ച് പ്രാർത്ഥനയിലൂടെ അവർക്കു നിർവഹിക്കാവുന്ന പങ്ക് ഉറപ്പു വരുത്തുക.





20. പ്രോലൈഫ് മൂവ്മെന്റ് ശക്തിപ്പെടുത്തുക. നല്ല ക്രൈസ്തവ കുടുംബങ്ങളുടെ രൂപീകരണത്തിനും അതു വഴി ദൈവവിളി പ്രോത്സാഹനത്തിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുക.

### സംസ്ഥാനതലത്തിൽ നിർദ്ദേശിക്കുന്ന പരിപാടികൾ

1. ആഗസ്റ്റ് 4-ാം തീയതി തിങ്കളാഴ്ച കാക്കനാട് മൗണ്ട് സെന്റ് തോമസ്സിൽ വച്ച് കെ.സി.ബി.സി. ദൈവശാസ്ത്ര ചർച്ച (theological colloquium) വൈദികവർഷാചരണത്തിന്റെ പശ്ചാത്തലത്തിൽ നടത്തും.
2. പുരോഹിത രൂപീകരണത്തിൽ വ്യാപൃതരായിരിക്കുന്നവർക്ക് പ്രത്യേകിച്ച് സെമിനാരി റെക്ടേഴ്സ്, ആധ്യാത്മിക പിതാക്കൾ എന്നിവർക്കായി വി. ജോൺ മരിയ വിയാനിയുടെ ജീവിതത്തെയും ആധ്യാത്മികതയെയുംക്കുറിച്ച് ഏകദിനപഠന സെമിനാർ സംഘടിപ്പിക്കും.

3. 2009 ഡിസംബർ 10-ാം തീയതി കെ.സി.ബി.സി.-കെ.സി.എം.എസ്. സമ്മേളനം പൗരോഹിത്യവർഷത്തിന്റെ പശ്ചാത്തലത്തിൽ നടത്തും. കഴിയുന്നത്ര മേജർ സുപ്പീരിയർമാരെ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുപ്പിക്കും.
4. പൗരോഹിത്യത്തിന്റെ വിവിധ വർഷങ്ങളിലുള്ളവരെ മൂന്നുതലങ്ങളായി തിരിച്ച്, പ്രത്യേകം ഓരോ വിഭാഗത്തിനും സംസ്ഥാനതലത്തിൽ ഏകദിനപഠന സെമിനാർ പി.ഒ.സി.യിൽ വച്ച് സംഘടിപ്പിക്കും. കേരള കത്തോലിക്കാസഭയിലെ 29 രൂപതകളിൽ നിന്നുള്ള വൈദിക പ്രതിനിധികൾ സെമിനാറിൽ പങ്കെടുക്കും.

കെ.സി.ബി.സി. നിർദ്ദേശിച്ച വൈദികവർഷാചരണം അങ്ങയുടെ രൂപതയിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ പരിശ്രമിക്കുമല്ലോ. അഭിവന്ദ്യപിതാവ് നല്കുന്ന എല്ലാ സഹായസഹകരണങ്ങൾക്കും നന്ദിയർപ്പിച്ചുകൊണ്ട്,

സ്നേഹപൂർവം

**റവ. ഫാ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ, ഔദ്യോഗികവക്താവ്,
കെ.സി.ബി.സി.

# From the Bishop's Office

**പ്രാർത്ഥയിൽ സ്മരിക്കാൻ**

ബഹു. ജോർജ്ജ് ചിറമേൽ അച്ചന്റെ മരണവാർഷികം ജൂലൈ 19.

**വൈദികരുടെ മാസ ധ്യാനം**

ജൂലൈമാസത്തിലെ വൈദികരുടെ മാസധ്യാനം ജൂലൈ 25ന് രൂപതാ കാര്യാലയത്തിൽ വെച്ച് നടത്തപ്പെടുന്നതാണ്. ബഹുമാനപ്പെട്ട വൈദികർ തങ്ങളുടെ കുർബ്ബാന കണക്കുപുസ്തകവും കുമ്പസാര പത്തോന്തിയും അന്നേ ദിവസം കൊണ്ടുവരേണ്ട താണ്. ആഗസ്റ്റ് മാസത്തിലെ ധ്യാനം അതതു ഫൊറോനകളിൽ വെച്ച് നടത്തപ്പെടുന്നതായിരിക്കും.

**സീറോ മലബാർ സഭാദിനം**

ജൂലൈ 3-ാം തീയതി സീറോ മലബാർ ദിനമായി നമ്മുടെ ഇടവകകളിലും സ്ഥാപനങ്ങളിലും സമുചിതമായി ആഘോഷിക്കുമല്ലോ. ശ്രേഷ്ഠമെത്രാപ്പോലീത്തായുടെ ഇടയലേഖനത്തിൽ നിർദ്ദേശിച്ചപ്രകാരം ശ്രേഷ്ഠ മെത്രാപ്പോലീത്തൻ കാര്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി അന്ന് ഇടവകകളിൽ പ്രത്യേക പിരിവ് എടുത്ത് തുക ജൂലൈ അവസാനത്തോടെ രൂപതാ പ്രൊക്കുറേറ്ററെ ഏൽപ്പിക്കേണ്ടതാണ്.

**കൈക്കാരന്മാരുടെ സമ്മേളനം**

ഇടവകകളിൽ സേവനം ചെയ്യുന്ന കൈക്കാരന്മാരുടെ രൂപതാ സമ്മേളനം ആഗസ്റ്റ് 8ന് പാസറ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് ആരംഭിക്കുന്ന സമ്മേളനത്തിലേയ്ക്ക് ബഹു. വൈദികർ തങ്ങളുടെ ഇടവകകളിലെ കൈക്കാരന്മാരെ പറഞ്ഞയക്കേണ്ടതാണ്.

**നിത്യാരാധന കപ്പേള**

**ജൂലൈ 3** ദുക്റാന തിരുന്നാളും **ഓഗസ്റ്റ് 15** മാതാവിന്റെ സ്വർഗ്ഗാരോപണ തിരുന്നാളും ആയതിനാൽ അന്നേദിവസങ്ങളിൽ കപ്പേളയിൽ ആരാധനയും വിശുദ്ധ കുർബാനയും ഉണ്ടായിരിക്കുന്നതല്ല.

**യുവജനദിനം**

ജൂലൈ 5-ാം തീയതി സഭ യുവജനദിനമായി ആഘോഷിക്കുന്നു. നമ്മുടെ ഇടവകയിലെ യുവജനങ്ങൾക്കായി അന്നേദിവസം നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. അന്ന് പ്രത്യേകം സ്തോത്രക്കാഴ്ചയെടുത്ത് യുവജനശുശ്രൂഷയ്ക്കായി രൂപതാ കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**വൈദികരുടെ വാർഷിക ധ്യാനം**

ബഹുമാനപ്പെട്ട വൈദികർക്കായുള്ള വാർഷിക ധ്യാനം സെപ്റ്റംബർ മാസം 14 മുതൽ 19 വരെ യുവക്ഷേത്രയിൽ വെച്ച് നടത്തപ്പെടുന്നു. ബഹുമാനപ്പെട്ട വൈദികർ തങ്ങളുടെ പരിപാടികൾ വാർഷികധ്യാനത്തിൽ പങ്കെടുക്കുവാനുള്ള ഒരുക്കത്തോടെ ക്രമീകരിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. ധ്യാനഗുരു അഭിവന്ദ്യ ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവാണ്.





**Appointments of Priests**

1. V. Rev. Fr. George Narikuzhi, Chaplain, Mercy Convent, Kangayam w.e.f. 15-06-2009
2. Rev. Fr. George Thuruthippally, Chaplain, Infant Jesus Convent, Palladam w.e.f. 15-06-2009.

## രൂപതാ പാസ്റ്ററൽ കൗൺസിൽ 2008 – 2011

2008 – 2011 രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാം സമ്മേളനം പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് 2009 ഓഗസ്റ്റ് 1-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് നടത്തപ്പെടുന്നതാണ്. വിഷയം – *"വൈദിക വർഷാചരണവും രാജകീയ പുരോഹിത ധർമ്മങ്ങളും"*. അംഗങ്ങളെല്ലാവരും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**ഫാ. തോം കിഴക്കേടത്ത്**

**22-ാ മത് കെ.സി.ബി.സി അഖിലകേരള പ്രഫഷണൽ നാടകമേള 2009**

ധാർമ്മിക മൂല്യങ്ങളും ബൈബിൾ സന്ദേശങ്ങളും നടന കലയിലൂടെ അവതരിപ്പി ക്കുന്ന സമിതികളേയും കലാകാരന്മാരേയും അംഗീകരിക്കുകയും പ്രോത്സാഹിപ്പി ക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ സാമൂഹിക സമ്പർക്ക മാധ്യമ കമ്മീഷൻ നടത്തുന്ന അഖില കേരള പ്രഫഷണൽ നാടക മത്സരം ഈ വർഷം സെപ്റ്റംബർ മധ്യത്തോടെ എറണാകുളത്ത് പി.ഒ.സി ഓഡിറ്റോറിയത്തിൽ നടത്തുന്നു. കേരളത്തിലെ തിരുനാളുകൾക്കും, ഉത്സവങ്ങൾക്കും, മറ്റു ആഘോഷങ്ങൾക്കും കുടുംബ സദസ്സുകൾക്ക് മുൻപിൽ അവതരിപ്പിക്കാൻ കഴിയുന്ന കലാമൂല്യവും, ധാർമ്മിക ദർശനങ്ങളും ഉൾക്കൊള്ളുന്ന മഹത്തായ നാടകങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്നതാണ് കെ.സി.ബി.സി നാടകമേളയുടെ ഉദ്ദേശ്യം.

ഒന്നാം സ്ഥാനം ലഭിക്കുന്ന 'എ' ഗ്രേഡ് നാടകത്തിന് 5000 രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും നല്കും. 'എ' ഗ്രേഡ് ലഭിക്കുന്ന നാടകങ്ങൾക്ക് അർഹമായ പ്രചരണം വിവിധ മാധ്യമങ്ങളിലൂടെ നല്കുന്നതാണ്. നല്ല നടൻ, നടി, രചയിതാവ്, സംവിധായകൻ, സംഗീത സംവിധായകൻ, സഹനടൻ, സഹനടി എന്നിവർക്ക് 2000 രൂപയുടെ ക്യാഷ് അവാർഡും, ശില്പവും സർട്ടിഫി ക്കറ്റും നൽകുന്നതാണ്. അവതരണച്ചെലവായി മേളയിൽ അവതരിപ്പിക്കുന്ന ബൈ ബിൾ നാടകങ്ങൾക്കു 3500 രൂപയും സാമൂഹ്യ നാടകങ്ങൾക്കു 3000 രൂപയും യാത്രപടിയായി കി.മീ.ന് 7.00 രൂപാ നിരക്കിലുള്ള തുകയോ 2500 രൂപയോ ഏതാണോ കുറവ് അതും നല്കുന്നതാണ്. മേളയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന സമിതികൾ 100 രൂപ രജിസ്ട്രേഷൻ ഫീസോടൊപ്പം നാടകത്തിന്റെ സ്ക്രിപ്റ്റിന്റെ മൂന്നുകോപ്പികൾ 2009 ജൂലായ് 31ന് മുമ്പ് മാധ്യമ കമ്മീഷൻ ഓഫീസിൽ എത്തിച്ചിരിക്കണം.

അയയ്ക്കേണ്ട വിലാസം :

**സെക്രട്ടറി, മീഡിയാ കമ്മീഷൻ, P.B.No.2251, പി.ഒ.സി. പാലാരിവട്ടം, കൊച്ചി-682 025.**

# Family Apostolate

**പ്രീകാന കോഴ്സ്**

**ജൂലായ് 6, 7, 8, 9, ആഗസ്റ്റ് 3, 4, 5, 6**

തിങ്കളാഴ്ച രാവിലെ 9.30 മുതൽ വ്യാഴാഴ്ച ഉച്ചക്ക് 1.00 മണിവരെ

**കുടുംബനവീകരണ സെമിനാർ**

**തിയതികൾ**

| | | |
|---|---|---|
| 2009 | August | 8,9 |
| 2009 | Octoner | 10,11 |
| 2009 | December | 12,13 |
| 2010 | February | 13,14 |
| 2010 | April | 10,11 |

സമയം: ശനിയാഴ്ച 9AM നു 1 ആരംഭിച്ച് ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നു. സ്ഥലം: യുവക്ഷേത്ര, മുണ്ടൂർ വിശദവിവരങ്ങൾക്ക് :09600420750, 9633055073

**പ്രീ-കാനാ കോഴ്സിനു വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. പ്രീ- കാനയ്ക്ക് വരുമ്പോൾ പാസ്പോർട്ട് സൈസ് ഫോട്ടോ കൊണ്ടുവരണം.
2. പ്രീ-കാനായുടെ അവസാന ദിവസമായ വ്യാഴാഴ്ച രാവിലെ 10 മണിമുതൽ 12 മണിവരെ പ്രീ-കാനയ്ക്കു വരുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രത്യേക ക്ലാസ്സുണ്ടായിരിക്കുന്നതാണ്. അതിൽ എല്ലാ രക്ഷകർത്താക്കളും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**കാനാ മാരേജ് ബ്യൂറോ**

കാനാ മാരേജ് ബ്യൂറോ എന്ന പേരിൽ ഒരു മാരേജ് ബ്യൂറോ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. ഇതിൽ രജിസ്റ്റർ ചെയ്യുവാൻ പ്രത്യേക ചെലവില്ല, ഒരു ഫോറം പൂരിപ്പിച്ച് ഫാമിലി അപ്പോസ്റ്റലേറ്റിൽ ഏൽപ്പിച്ചാൽ മതി.

അന്വേഷണങ്ങൾക്ക്:

ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്, പാസ്റ്ററൽ സെന്റർ, പാലക്കാട്-6

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



# വിശ്വാസ പരിശീലനം

**മതാധ്യാപകസെമിനാറുകൾ**

ഈ വർഷത്തെ മതബോധന വിഷയമായ"അനുരഞ്ജന കൂദാശ ജീവിതവിശുദ്ധീകരണത്തിന്" എന്നതിനെ ആസ്പദമാക്കി ഏകദിന സെമിനാറുകൾ എല്ലാ ഫൊറോനകളിലും സംഘടിപ്പിക്കുന്നു. ദൈവമക്കളുടെ ജീവിതത്തിന്റെ മഹത്ത്വത്തിന്റെയും അനുഗ്രഹങ്ങളുടെയും പുനസ്ഥാപനം സാധിക്കാൻ ഈ വർഷത്തെ സെമിനാറുകൾ നമ്മെ സഹായിക്കട്ടെ.

| സെമിനാറുകൾ നടക്കുന്ന തിയ്യതിയും | സ്ഥലവും |
|---|---|
| ജൂലൈ 11 ശനി 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 11 ശനി 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ജൂലൈ 21 ചൊവ്വ 9.30 am to 4.00 pm | മേലാർകോട് ഫൊറോന (നെന്മാറ പാരിഷ്ഹാൾ) |
| ജൂലൈ 21 ചൊവ്വ 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 8 ശനി 9.30 am to 4.00 pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 8 ശനി. 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ് ഹാൾ) |
| ആഗസ്റ്റ് 13 വ്യാഴം 9.30 am to 4.00 pm | കോയമ്പത്തൂർ റീജിയൺ (രാമനാഥപുരം പാരിഷ് ഹാൾ) |

**X,HDC സെമിനാറുകൾ**

X,I&II H.D.C ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി അവരുടെ പഠന വിഷയങ്ങളെ ഉൾക്കൊള്ളിച്ചും വിശ്വാസജീവിതത്തിന്റെ പ്രായോഗിക വശങ്ങൾ കൂടുതൽ വ്യക്തമാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെയും ഫൊറോനാ തലത്തിൽ ഏകദിനസെമിനാറുകൾ നടത്തപ്പെടുന്നു. കുട്ടികൾ, തങ്ങളുടെ പഠനത്തിന്റെ പ്രധാന ഘട്ടമായ പത്താം ക്ലാസ് ഏറ്റവും നന്നായി പൂർത്തിയാക്കുന്നതിന് പ്രചോദനം നൽകുവാനും ഭാവി പഠനത്തിന് സഹായകമായ കരിയർ ഗൈഡൻസും ഉൾപ്പെടുത്തിയാണ് സെമിനാർ സംഘടിപ്പിച്ചിരിക്കുന്നത്.

HDC ക്ലാസിലെ പഠനത്തിനുശേഷം വിശ്വാസപരിശീലന രംഗത്തു നിന്ന് ഔദ്യോഗികമായി വിടപറയുന്ന നമ്മുടെ കുട്ടികൾക്ക് തങ്ങൾ

പഠിച്ചറിഞ്ഞ കാര്യങ്ങൾ എങ്ങനെ പ്രായോഗികമാക്കണം എന്നതിനെക്കുറിച്ചുള്ള വ്യക്തമായ കാഴ്ചപ്പാടും അവബോധവും നൽകുക എന്നതാണ് ഈ സെമിനാറിന്റെ ലക്ഷ്യം. അദ്ധ്യയന വർഷത്തിലെ ഞായറാഴ്ചകളിൽ ത്തന്നെയാണ് ഇവ നടത്തുന്നത്. സെമിനാർ രാവിലെ 9.30 ന് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നു. സെമിനാർ ദിവസം വി. കുർബാന അതാതു സെന്ററുകളിൽ ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത കുർബാനയിൽ എല്ലാവരും പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 15 രൂപയാണ്.

**X,I&II H.D.C സെമിനാർ നടക്കുന്ന സമയവും സ്ഥലവും.**

| | |
|---|---|
| ജൂലൈ 19 ഞായർ 9.30 am to 4.00 pm | മണ്ണാർക്കാട് ഫൊറോന (ഫൊറോന പാരീഷ് ഹാൾ) |
| ആഗസ്റ്റ് 2 ഞായർ 9.30 am to 4.00 pm | കാഞ്ഞിരപ്പുഴ ഫൊറോന (ഫൊറോന പാരീഷ് ഹാൾ) |
| ആഗസ്റ്റ് 9 ഞായർ 9.30 am to 4.00 pm | പാലക്കാട് ഫൊറോന (പാസ്റ്ററൽ സെന്റർ) |
| ആഗസ്റ്റ് 16 ഞായർ 9.30 am to 4.00 pm | ഒറ്റപ്പാലം ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |
| ആഗസ്റ്റ് 23 ഞായർ 9.30 am to 4.00 pm | താവളം ഫൊറോന (സെഹിയോൻ ധ്യാനകേന്ദ്രം) |
| ആഗസ്റ്റ് 30 ഞായർ 9.30 am to 4.00 pm | വടക്കഞ്ചേരി ഫൊറോന (ചെറുപുഷ്പം സ്കൂൾ) |
| സെപ്റ്റം. 6 ഞായർ 9.30am to4.00pm | കോയമ്പത്തൂർ റീജിയണൽ (രാമനാഥപുരം പാരിഷ്ഹാൾ) |
| സെപ്റ്റം. 13 ഞായർ 9.30 am to4.00pm | മേലാർക്കോട് ഫൊറോന (മംഗലംഡാം സ്കൂൾ) |
| സെപ്റ്റം. 20 ഞായർ 9.30 am to4.00pm | ഒലവക്കോട് ഫൊറോന (ഫൊറോന പാരിഷ്ഹാൾ) |

**ചെറുകഥാ, ഉപന്യാസമത്സരങ്ങൾ- കോയമ്പത്തൂർ റീജിയൺ.**

കോയമ്പത്തൂർ റീജിയണിലെ മതബോധന വിദ്യാർത്ഥികളുടെ ചെറുകഥാ മത്സരം ജൂലൈ 12 ഞായറാഴ്ചയും ഉപന്യാസ മത്സരം ഓഗസ്റ്റ് 9 ഞായറാഴ്ചയും നടത്തപ്പെടുന്നു. മതബോധന വിഷയത്തോട് അനുബന്ധിതമായിരിക്കും വിഷയം

**ഒന്നാം മിഡ്-ടേം പരീക്ഷ**

സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ ഒന്നാം മിഡ് ടേം പരീക്ഷ ജൂലൈ 26 ഞായറാഴ്ച നടത്തുന്നു.

**സ്റ്റാറ്റിസ്റ്റിക്സ് &ന്യൂ ടീച്ചേഴ്സ് ഫോം.**

സൺഡേ സ്കൂളിന്റെ സ്റ്റാറ്റിസ്റ്റിക്സ്, സർവ്വീസ്കാർഡ്





ലഭിച്ചിട്ടില്ലാത്ത അദ്ധ്യാപകരുടെ സർവ്വീസ് ഡാറ്റാഫോം എന്നിവ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാനദിവസം ജൂലൈ 19 ഞായറാഴ്ചയാണ്.

**ലോഗോസ് ക്വിസ്- 2009**

V മുതൽ II HDC വരെയുള്ള ക്ലാസ്സുകളിൽ വിശ്വാസ പരിശീലനം നേടുന്ന എല്ലാ കുട്ടികളും മതാദ്ധ്യാപകരും ലോഗോസ്ക്വിസ് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. ഫീസ് പത്തുരൂപയാണ്. കുട്ടികളുടെ ക്ലാസ്സുകൾ കൃത്യമായും വ്യക്തമായും എഴുതേണ്ടതാണ്. അവർക്ക് ക്ലാസ് തലത്തിൽ സമ്മാനങ്ങൾ മതബോധനകേന്ദ്രത്തിൽ നിന്ന് നൽകുന്നതാണ്. രജിസ്ട്രേഷന്റെ അവസാന ദിവസം ജൂലൈ 31 ആണ്.

**മതാദ്ധ്യാപക ധ്യാനം**

മതാദ്ധ്യാപകർക്കായി താമസിച്ചുള്ള ധ്യാനം സെഹിയോൻ ധ്യാന കേന്ദ്രത്തിൽ വെച്ച് സെപ്റ്റംബർ 10,11,12,13 തിയ്യതികളിൽ നടത്തപ്പെടുന്നു. ധ്യാനത്തിൽ സംബന്ധിക്കുന്നവർ മുൻക്കൂട്ടി മതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 പേർക്ക് മാത്രമെ അവസരം ഉണ്ടായിരിക്കുകയുള്ളൂ. രജിസ്ട്രേഷൻ ഫീസ് 150 രൂപയാണ്. ആഗസ്റ്റ് 15 വരെ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ക്രിസ്റ്റീൻ ധ്യാനം**

വിശ്വാസ പരിശീലന ക്ലാസ്സുകളിലൂടെ ലഭിച്ച മിശിഹാനുഭവം ആഴപ്പെടുത്തുന്നതിനും പ്രായോഗിക തലങ്ങളിൽ തീഷ്ണതയുള്ള കുട്ടികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി സെപ്റ്റംബർ 2 മുതൽ 5 വരെ വടക്കഞ്ചേരി ഫൊറോനയിലും സെപ്റ്റംബർ 10,11,12,13 എന്നീ തിയ്യതികളിലായി മണ്ണാർക്കാട് ഫൊറോനയിൽ ക്രിസ്റ്റീൻ ധ്യാനങ്ങൾ നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 150 രൂപ.

**HDC കറസ്പോണ്ടൻസ് കോഴ്സ്**

വിശ്വാസ പരിശീലനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സമയമാണല്ലോ HDC പരിശീലന കാലഘട്ടം. വിശ്വാസപരിശീലനം നേരിടുന്ന ഒരു പ്രധാന വെല്ലുവിളിയാണ് ഞായറാഴ്ചകളിൽ നടത്തപ്പെടുന്ന എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകളും ഓപ്പൺസ്കൂളുകളും. ഇവ മൂലം വിശ്വാസ പരിശീലന ക്ലാസ്സുകളിൽ സംബന്ധിക്കാത്ത കുട്ടികളെ ലക്ഷ്യം വെച്ച് മതബോധന കേന്ദ്രത്തിൽ HDC കറസ്പോണ്ടൻസ് കോഴ്സ് സംഘടിപ്പിക്കുന്നു. ഇതിൽ സംബന്ധിക്കാൻ ആഗ്രഹിക്കുന്ന കുട്ടികൾ പ്രസ്തുത ഫോറം പൂരിപ്പിച്ച് വികാരിയച്ചന്റെയും എൻട്രൻസ് കോച്ചിംഗ് സ്ഥാപനത്തിന്റെയും പഠിക്കുന്ന സ്ഥാപനത്തിന്റെ സാക്ഷ്യപത്രവും രജിസ്ട്രേഷൻ ഫീസായ 100 രൂപ സഹിതം മതബോധന കേന്ദ്രത്തിൽ ആഗസ്റ്റ് 30 ന് മുമ്പായി ഏൽപ്പിക്കേണ്ടതാണ്.

**സണ്ടേസ്കൂൾ ക്വസ്റ്റ്യൻ ബാങ്ക്**

ഒന്നാം സെമസ്റ്റർ പരീക്ഷക്കുവേണ്ടി 12-ാം ക്ലാസ്സിലെ മോഡൽ ചോദ്യപേപ്പർ 12-ാം ക്ലാസ്സിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും തയ്യാറാക്കി ജൂലൈ 31ന് മുമ്പ് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**രൂപതാമതബോധന കൗൺസിൽ**

ആഗസ്റ്റ് 1-ാം തിയ്യതി ശനിയാഴ്ച രൂപതാമതബോധന കൗൺസിൽ മീറ്റിംഗ് രാവിലെ 10 മണിമുതൽ 1 മണിവരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. രൂപത കൗൺസിൽ അംഗങ്ങളെല്ലാവരും പ്രസ്തുത മീറ്റിംഗിൽ സംബന്ധിക്കേണ്ടതാണ്.

**കയ്യെഴുത്ത് മാസികാമത്സരം**

5 മുതൽ 12 വരെയുള്ള ക്ലാസ്സുകളുടെ കുട്ടികൾക്കാണ് കയ്യെഴുത്ത് മാസിക മത്സരം സംഘടിപ്പിച്ചിരിക്കുന്നത്. മാസികയുടെ നീളം 12 ഇഞ്ചും വീതി 9 ഇഞ്ചും ആയിരിക്കണം. വരച്ച ചിത്രങ്ങളല്ലാതെ ഫോട്ടോകൾ പാടില്ല. ഈ വർഷത്തെ പഠനവിഷയത്തെ ആസ്പദമാക്കി രണ്ട് രചനകളെങ്കിലും ഉണ്ടായിരിക്കണം. 150 പേജിൽ കവിയാനും 100 പേജിൽ കുറയാനും പാടില്ല. മാസികയുടെ പേരുകഴിഞ്ഞുള്ള പേജിൽ ഒന്നും എഴുതാതിരിക്കാൻ ശ്രദ്ധിക്കണം. 2009 ഡിസംബർ 1-ാം തിയ്യതി ഫൊറോന ഡയറക്ടറെ കയ്യെഴുത്ത് മാസിക ഏൽപ്പിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഒരു കയ്യെഴുത്ത് മാസിക മാത്രമെ സ്വീകരിക്കുകയുള്ളു.

**മതാധ്യാപകർക്കായുള്ള സാഹിത്യ മത്സരങ്ങൾ**

മതാധ്യാപകർക്ക് കൂടുതൽ പഠിക്കാനും തങ്ങളുടെ സാഹിത്യവാസനകളെ വളർത്തുവാനും സഹായകമാകത്തക്ക വിധം മതബോധന വിഷയത്തെ ആസ്പദമാക്കി സാഹിത്യമത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉപന്യാസം, കവിത, ചെറുകഥ എന്നീ രചനാ മത്സരങ്ങളായിരിക്കും ഉണ്ടായിരിക്കുന്നത്. (ഉപന്യാസം 5-10 പേജുകൾ, കവിത 20-40 വരികൾ, ചെറുകഥ 3-5 പേജുകൾ). സെപ്റ്റംബർ 1-ാം തിയ്യതിക്ക് മുമ്പായി ഈ രചനകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**പുസ്തക പരിചയപ്പെടുത്തൽ ഏകദിന സെമിനാർ**

2009 ജൂൺ 13-ാം തിയ്യതി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്ന മതാദ്ധ്യാപകർക്കുള്ള XII-ാം ക്ലാസ്സിലെ പാഠപുസ്തക പരിചയപ്പെടുത്തൽ സെമിനാറിൽ 78 പേർ പങ്കെടുക്കുകയും ചെയ്തു. റവ. ഫാ. ജോളി വടക്കനാണ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയത്.

**BTC കോഴ്സ്**

2009 ജൂൺ 6,7 തിയ്യതികളിൽ രാമനാഥപുരം പാരിഷ്ഹോളിൽ വെച്ച് നടന്ന 52-ാം ബാച്ച് BTC യിൽ കോയമ്പത്തൂർ റീജിയണിൽ നിന്നായി 28 മതാദ്ധ്യാപകർ പങ്കെടുത്തു.

2009 ജൂൺ 12,13,14 തിയ്യതികളിൽ പാസ്റ്ററൽ സെന്ററിൽവച്ച് നടന്ന





53 -ാം ബാച്ച് BTC യിൽ 9 ഫൊറോനകളിൽ നിന്നായി 108 മതാദ്ധ്യാപകർ പങ്കെടുത്തു. പെരിയ ബഹു. മോൺ. ജോസഫ് ചിറ്റിലപ്പിള്ളി അച്ചൻ BTC കോഴ്സ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. റവ. ഡോ. മാത്യുവാഴയിൽ റവ. ഫാ. ജോളി വടക്കൻ, റവ. ഫാ. ജോഷി പുലിക്കോട്ടിൽ, റവ. ഫാ. സെബി കുണ്ടുകുളം, ഫാ. നിലേഷ് തുരുത്തിവേലിൽ, ഫാ. സജി വട്ടുകളം, ഫാ. അരുൺ കലമറ്റം, അഡ്വ. ജസ്റ്റിൻ, മിസ്റ്റർ ഷാജി മാലിപ്പാറ, സി. ലീനാ ജോസ്, മിസ്. അനുഷ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ എടുത്തു. അഭിവന്ദ്യ പിതാവ് BTCയിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി. മതബോധന ഡയറക്ടർ റവ. ഡോ. മാത്യു വാഴയിൽ BTC കോഴ്സിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റുകൾ നൽകി. ഈ കോഴ്സിൽ പങ്കെടുക്കുകയും വിജയിപ്പിക്കുകയും ചെയ്ത എല്ലാ മതാദ്ധ്യാപകർക്കും, ഇവരെ പ്രോത്സാഹിപ്പിക്കുകയും പങ്കെടുപ്പിക്കുകയും ചെയ്ത വികാരി അച്ചൻമാർക്കും ഹൃദയ പൂർവ്വം നന്ദി പറയുന്നു.

**റെഗുലർ സ്കൂൾ അദ്ധ്യാപക സെമിനാറുകൾ**

കുട്ടികൾക്ക് മൂല്യാധിഷ്ഠിതവും സാന്മാർഗ്ഗികവുമായ വളർച്ചയ്ക്ക് സഹായിക്കുന്നതിനായി റെഗുലർ സ്കൂൾ അദ്ധ്യാപകർക്കായി മേഖലാടിസ്ഥാനത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുന്നു.

| | | |
|---|---|---|
| ജൂലൈ 4 ശനി | 10.00 am to 4.00 pm | വടക്കഞ്ചേരി മേഖല (ചെറുപുഷ്പം സ്കൂൾ) |
| ജൂലൈ 11 ശനി | 10.00 am to 4.00 pm | താവളം മേഖല (കൂക്കംപാളയം സ്കൂൾ) |
| ആഗസ്റ്റ് 8 ശനി | 10.00 am to 4.00 pm | മണ്ണാർക്കാട് മേഖല (ഫൊറോന പാരിഷ് ഹാൾ) |

**റെഗുലർസ്കൂൾ സ്റ്റാറ്റിസ്റ്റിക്സ്, കർമ്മപദ്ധതി**

2009-2010 അദ്ധ്യയന വർഷത്തിലെ സ്കൂൾതല വിശ്വാസപരിശീലന പ്രവർത്തനങ്ങളുടെ കർമ്മപദ്ധതിയും സ്കൂൾ സ്റ്റാറ്റിസ്റ്റിക്സും തന്നിട്ടില്ലാത്തവർ മതബോധന കേന്ദ്രത്തിൽ ജൂലൈ 12നകം അവ നൽകേണ്ടതാണ്. പ്രാധാനാധ്യാപകർ ഇക്കാര്യത്തിൽ ശ്രദ്ധിക്കുമല്ലോ.

**അദ്ധ്യാപക സെമിനാർ റിപ്പോർട്ട്.**

2009-2010 വർഷത്തിലെ അദ്ധ്യാപക സെമിനാർ റിപ്പോർട്ട് മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാനം ആഗസ്റ്റ് 17 തിങ്കളാഴ്ചയാണ്. റെഗുലർ സ്കൂൾ പ്രധാന അദ്ധ്യാപകർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി

# Bible Apostolate

**ലോഗോസ് ക്വിസ്സ്- 2009**

ദൈവവചന വർഷത്തിലെ ബൈബിൾ ക്വിസ്സ് മത്സരത്തിലേയ്ക്ക് ഏവർക്കും സ്വാഗതം...

**ലോഗോസ് ക്വിസ് 2009 ന്റെ സവിശേഷതകൾ**

മത്സരത്തിൽ പങ്കെടുക്കുന്നവരെ പ്രായത്തെ അടിസ്ഥാനമാക്കി A B C D E എന്നീ 5 വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. മൂല്യനിർണ്ണയം നടത്തുന്നതും സമ്മാനങ്ങൾ നൽകുന്നതും ഈ അടിസ്ഥാനത്തിലായിരിക്കും.

**പങ്കെടുക്കുന്നവരുടെ പ്രായവിഭാഗങ്ങൾ**

A വിഭാഗം: 1-1-1998-ന് ശേഷം ജനിച്ചവർ.
B വിഭാഗം: 1-1-1993 നും31-12-1997 നും ഇടയ്ക്ക് ജനിച്ചവർ
C വിഭാഗം: 1-1-1978 നും31-12-1992 നും ഇടയ്ക്ക് ജനിച്ചവർ
D വിഭാഗം: 1-1- 1958-നും 31-12-1977 നും ഇടയ്ക്ക് ജനിച്ചവർ.
E വിഭാഗം: 31-12-1957ന് മുമ്പ് ജനിച്ചവർ.

രജിസ്ട്രേഷൻ മുൻകൂട്ടി നിർബന്ധമായും ചെയ്തിരിക്കേണ്ടതാണ്. ഒരു ഇടവകയേയോ ഒരു കത്തോലിക്ക സ്ഥാപനത്തേയോ ഒരു പരീക്ഷ സെന്ററായി അംഗീകരിക്കുന്നതും അവിടെ നിങ്ങൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതുമാണ്. രജിസ്ട്രേഷൻ ഫീസ് 10 രൂപ. രജിസ്ട്രേഷൻ ആരംഭിക്കുന്നത് 2009 ജൂൺ 1 നും രജിസ്ട്രേഷൻ അവസാനിക്കുന്നത് 2009 ജൂലൈ 31 നും ആയിരിക്കും. മത്സരത്തിനുള്ള പഠനഭാഗം ഉൽപ്പത്തി 27-50 വരെ അദ്ധ്യായങ്ങളും ഫിലിപ്പിയർക്ക് എഴുതിയ ലേഖനവും. ഉപയോഗിക്കേണ്ട മലയാളം ബൈബിൾ പി.ഒ.സി. ബൈബിളും, ഇംഗ്ലീഷിന് RSV ബൈബിളുമാണ്. പരീക്ഷാ സമയം രൂപതാതലത്തിൽ 2009 ഒക്ടോബർ 11-ാം തീയതി ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയും സംസ്ഥാനതലത്തിൽ (ഓരോ രൂപതയിലും 5 വിഭാഗങ്ങളിലായി ഒന്നും, രണ്ടും, മൂന്നും സമ്മാനങ്ങൾ ലഭിച്ചവർക്കുവേണ്ടി) പി.ഒ.സി. യിൽവെച്ച് 2009 നവംബർ 22 ന് രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4.00 വരെയുമായിരിക്കും. നിരവധി സമ്മാനങ്ങൾ അഖിലകേരളാതലത്തിലും രൂപതാതലത്തിലും ഇടവകതലത്തിലും നൽകുന്നു ആകർഷകമായ ക്യാഷ് അവാർഡുകൾ, ഷീൽഡുകൾ, പുസ്തകങ്ങൾ, സ്വർണ്ണമെഡലുകൾ, ട്രോഫികൾ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ എന്നീ നിരവധി സമ്മാനങ്ങൾ നൽകപ്പെടുന്നു. സംസ്ഥാനതല പരീക്ഷയിൽ പങ്കെടുക്കുന്ന എല്ലാവർക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കും.

**സമ്മാനങ്ങൾ അഖില കേരളതലത്തിൽ**

എല്ലാ വിഭാഗത്തിലും വച്ച് ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന വ്യക്തിക്ക്





തോമാ മല്പാൻ എൻഡോവ്മെന്റ്
10000/- രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും.
(ഓരോ വിഭാഗത്തിനും പ്രത്യേകം)

1-ാം സമ്മാനം 3000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
2-ാം സമ്മാനം 2000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
3-ാം സമ്മാനം 1000 രൂപയും സ്വർണ്ണമെഡലും, സർട്ടിഫിക്കറ്റും
4-ാം സമ്മാനം 500 രൂപയും വെള്ളിമെഡലും, സർട്ടിഫിക്കറ്റും
(ഓരോ വിഭാഗത്തിലും 7 പേർക്കുവീതം)
5-ാം സമ്മാനം 100 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകങ്ങൾ

**സമ്മാനങ്ങൾ രൂപതാതലത്തിൽ**

ഓരോ വിഭാഗത്തിലും പ്രത്യേകം

1-ാം സമ്മാനം 1000 രൂപയും, സർട്ടിഫിക്കറ്റും
2-ാം സമ്മാനം 750 രൂപയും, സർട്ടിഫിക്കറ്റും
3-ാം സമ്മാനം 500 രൂപയും, സർട്ടിഫിക്കറ്റും
4-ാം സമ്മാനം 250 രൂപയും, സർട്ടിഫിക്കറ്റും 7 പേർക്ക് വീതം
5-ാം സമ്മാനം 50 രൂപ വിലവരുന്ന ബൈബിൾ സംബന്ധമായ പുസ്തകവും സർട്ടിഫിക്കറ്റും 15 പേർക്ക് വീതം.

60%ൽ കൂടുതൽ മാർക്ക് വാങ്ങുന്ന A വിഭാഗക്കാർക്കും 70%ൽ കൂടുതൽ മാർക്ക് വാങ്ങുന്ന BCDE വിഭാഗക്കാർക്കും 80% ൽ കൂടുതൽ മാർക്കു വാങ്ങുന്ന എല്ലാവർക്കും കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഒക്ടോബർ 11-ാം തീയതി നടത്തുന്ന രൂപതാതല പരീക്ഷയുടെ ഫലവും രൂപതാതല സമ്മാനങ്ങൾ നൽകുന്ന തീയതിയും രൂപതാകേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതാണ്.

**കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന സാഹിത്യമത്സരങ്ങൾ- 2009**

കെ.സി.ബി.സി ബൈബിൾ കമ്മീഷൻ വചനാധിഷ്ഠിത ചിന്തയ്ക്കും സംസ്കാരത്തിനും പ്രോത്സാഹനം നൽകുക എന്ന ലക്ഷ്യത്തോടെ ഈ വചനവർഷത്തിൽ രചനാമത്സരങ്ങൾക്കുള്ള കൃതികളെ ക്ഷണിക്കുന്നു. എല്ലാ രചനകളുടേയും പ്രതിപാദന വിഷയം ബൈബിൾ പ്രമേയങ്ങളായിരിക്കണം. മത്സരങ്ങൾ സംബന്ധിച്ച നിയമങ്ങൾ താഴെചേർക്കുന്നു.

കവിത, കഥ, ലേഖനം, ഏകാങ്കനാടകം എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. എന്നാൽ അവയുടെ ആനുകാലികാവിഷ്ക്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും ലേഖനം പത്തു പേജിലും കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം.

മുപ്പതുമിനിട്ടു കൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. അനുകരണമോ വിവർത്തനമോ, മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏൽപ്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല.

ലേഖനമത്സരം അത്മായർ സെമിനാരി വിദ്യാർത്ഥികൾ, സന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും. ഓരോ ഗ്രൂപ്പിലുമുള്ള വിഷയം താഴെ കൊടുക്കുന്നു.

ഗ്രൂപ്പ് നമ്പർ 1 അല്മായർ

വിഷയം : പൗരോഹിത്യവർഷവും പൗരോഹിത്യ ധർമ്മാനുഷ്ഠാനങ്ങളും അവയുടെ ആനുകാലിക പ്രാധാന്യം

ഗ്രൂപ്പ് നമ്പർ 2 സെമിനാരി വിദ്യാർത്ഥികൾ

വിഷയം : ക്രിസ്തുവിന്റെ വിശ്വസ്തത പുരോഹിതരുടെ വിശ്വസ്തതയ്ക്ക് മാതൃക.

ഗ്രൂപ്പ് നമ്പർ 3 സന്യാസിനികൾ

വിഷയം ദൈവരാജ്യത്തിന്റെ ഈ ലോകത്തിലെ സാന്നിദ്ധ്യമായ സഭാഗാത്രത്തെ പടുത്തുയർത്തുന്നതിൽ സന്യസ്തരുടെ പങ്ക്

മത്സരത്തിനയ്ക്കുന്ന കൃതികളോടൊപ്പം 50/- രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD) വികാരിയുടെയോ/ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നൽകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ മത്സരത്തിന്നയയ്ക്കുന്നതിനുമുമ്പ് വേറെ കരുതേണ്ടതാണ്. സമ്മാനാർഹമാകുന്ന കൃതികൾ ആദ്യം പ്രസിദ്ധീകരിക്കാനുള്ള അവകാശം കെ. സി.ബി.സി ബൈബിൾ കമ്മീഷനായിരിക്കും. കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2009 ഒക്ടോബർ 30 ആണ്. വൈകിയെത്തുന്ന കൃതികൾ സ്വീകരിക്കുന്നതല്ല.

ഒന്നും, രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് സർട്ടിഫിക്കറ്റും, ബൈബിളും താഴെ കൊടുത്തിരിക്കുന്നതനുസരിച്ച് ക്യാഷ് അവാർഡും നൽകുന്നതാണ്.

| മത്സര ഇനം | രജി.ഫീസ് | 1 | 2 | 3 |
|---|---|---|---|---|
| 1 കവിത | 50 | 2000 | 1500 | 1000 |
| 2 ചെറുകഥ | 50 | 2000 | 1500 | 1000 |
| 3 ഏകാങ്ക നാടകം | 50 | 2000 | 1500 | 1000 |
| 4 ലേഖനം-1 | 50 | 2000 | 1500 | 1000 |
| 5 ലേഖനം-2 | 50 | 2000 | 1500 | 1000 |
| 6 ലേഖനം-3 | 50 | 2000 | 1500 | 1000 |

**കൃതികൾ അയക്കേണ്ട വിലാസം**

സെക്രട്ടറി, ബൈബിൾ കമ്മീഷൻ, പി.ഒ.സി, പി.സി നമ്പർ 2251, പാലാരിവട്ടം, കൊച്ചി-682025

**ഫാ. മാത്യു വാഴയിൽ**

ഡയറക്ടർ , ബൈബിൾ അപ്പസ്റ്റോലേറ്റ്





# സി.എം.എൽ

എല്ലാ ശാഖകളിലും പുതിയ പ്രവർത്തന വർഷത്തിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തു എന്നു കരുതുന്നു. രൂപതയിലെ സി.എം.എൽ. കുടുംബാംഗങ്ങൾ വർഷത്തിൽ ഒരിക്കൽമാത്രം സമ്മേളിക്കാറുള്ള രൂപതാ കൗൺസിൽ ജൂലൈ മാസം 11-ാം തിയ്യതി ശനിയാഴ്ച 9.30 മുതൽ 3.30 വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുന്നു. ഈ സമ്മേളനത്തിൽ വെച്ചു തന്നെ ഈ വർഷത്തെ പ്രർത്തന മാർഗ്ഗരേഖയും പ്രകാശനം ചെയ്യുന്നതാണ്. എല്ലാ ശാഖാ-മേഖലാ ഡറക്ടർമാരെയും ഭാരവാഹികളെയും രൂപതാ കൗൺസിലിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

രൂപതാ കൗൺസിലിനു വരുമ്പോൾ ശാഖയുടെ രൂപതാ വിഹിതമായ 100 രൂപയും ശാഖാ റിപ്പോർട്ടും കൊണ്ടുവരേണ്ടതാണ്.

**നന്ദിയും ആശംസയും**

കഴിഞ്ഞ വർഷങ്ങളിൽ മേഖലാ ഡയറക്ടർമാരായി സേവമനുഷ്ഠിച്ച എല്ലാ അച്ചന്മാരെയും നന്ദിയോടെ സ്മരിക്കുന്നതോടൊപ്പം പുതിയ ഡയറക്ടർമാരായി സ്ഥാനമേറ്റെടുത്ത എല്ലാവർക്കും സി.എം.എൽ കുടുംബത്തിലേക്ക് സ്വാഗതവും ആശംസകളും നേരുന്നു.

**മേഖലാ ഡയറക്ടർമാർ**

1. ഫാ. ജോഷി ചക്കാലക്കൽ (മേലാർക്കോട്)
2. ഫാ. ജോഷി പുത്തൻപുരയിൽ (പാലക്കാട്)
3. ഫാ. ജോഷി തെക്കിനേടത്ത് (താവളം)
4. ഫാ. ബിനു പൊൻകാട്ടിൽ (മണ്ണാർക്കാട്)
5. ഫാ. ജിജോ പാറയിൽ (കാഞ്ഞിരപ്പുഴ)
6. ഫാ. ജെയ്ജിൻ വെള്ളിയാംകണ്ടത്തിൽ (ഒറ്റപ്പാലം)
7. ഫാ. ജോസ്പ്രകാശ് തൂണിക്കാവിൽ (ഒലവക്കോട്)
8. ഫാ. സന്തോഷ് മുരിക്കനാനിക്കൽ (കോയമ്പത്തൂർ റീജിയൻ)

പുതിയ പ്രവർത്തന വർഷത്തിൽ നാം തയ്യാറാക്കുന്ന പരിപാടികളുടെ വിജയത്തിനായും എല്ലാ അംഗങ്ങളും പ്രാർത്ഥിക്കുമല്ലോ.

NB: കൗൺസിലിനു വരുമ്പോൾ വിശുദ്ധ അൽഫോൻസാമ്മയുടെ ജീവചരിത്രമടങ്ങിയ സുവനീർ പുസ്തകം 100 രൂപ നിരക്കിൽ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

**ഫാ. ബിജു കല്ലിങ്കൽ**

ഡയറക്ടർ, സി.എം.എൽ

# മാതൃസംഘം

**മാതൃസംഘം രൂപതാതല നിർവ്വാഹകസമിതി**

മാതൃസംഘം രൂപതാതല ഭാരവാഹികൾ പാസ്റ്ററൽ സെന്ററിൽ 2009 ജൂൺ 13 ശനിയാഴ്ച ഒരുമിച്ചുകൂടി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുകയും പരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു. സമ്മാന കൂപ്പണിന്റെ വിശദാംശങ്ങൾ ചർച്ചചെയ്തു.

**വിശ്വാസോത്സവ് 2009**

ഫൊറോനകളിൽ നടക്കുന്ന ഫൊറോന സെമിനാറുകൾ വളരെ വിജയപ്രദമാണ്.

2009 ജൂൺ 20ന് മണ്ണാർക്കാട് ഫൊറോനയിൽ വിശ്വാസോത്സവ് സംഘടിപ്പിക്കപ്പെട്ടു. 150 അമ്മമാർ പങ്കെടുത്തു.

2009 ജൂലൈയിൽ കാഞ്ഞിരപ്പുഴയിലും ആഗസ്റ്റ് 15ന് ഒലവക്കോട് ഫൊറോനയിലും വചനോത്സവ് നടക്കും.

പാലക്കാട് ഫൊറോനയിൽ സെപ്റ്റംബറിൽ സെമിനാർ സംഘടിപ്പിക്കുമല്ലോ.

**പഠനം**

-ചാരം മൂടിയ വിശ്വാസക്കനലുകൾ

-ദുക്റാന വിശ്വാസപൈതൃക ഓർമ്മ

-തോമാശ്ലീഹായുടെ വിശ്വാസധീരത, തീക്ഷ്ണത

-അന്യം നിന്നുപോകുന്ന വിശ്വാസപാരമ്പര്യങ്ങൾ, ആചാരങ്ങൾ

-കുടുംബാഘോഷങ്ങൾ വാണിജ്യവത്ക്കരണത്തിലേക്ക് വഴിമാറുന്നു; ബന്ധങ്ങൾ ശിഥിലമാകുന്നു.

**സൃഷ്ടി - കയ്യെഴുത്തുപ്രതി**

എഡിറ്റോറിയൽ ബോർഡുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞുവല്ലോ. യൂണിറ്റുകൾ കയ്യെഴുത്തുപ്രതി സ്വന്തമായിട്ട് (അമ്മമാർ മാത്രം) തയ്യാറാക്കണം. ഈ വർഷം കൂടുതൽ എൻട്രികൾ (കഴിഞ്ഞ വർഷം 12) ഉണ്ടാകണം.

**എഫാത്ത 2009**

യൂണിറ്റുകളെ സാമ്പത്തികമായി ഉയർത്താനുതകുന്ന സമ്മാനകൂപ്പൺ യൂണിറ്റുകളിലേക്ക് കൊണ്ടുപോവുക. യൂണിറ്റുകളിലെ വീടൊന്നിന് 5 കൂപ്പണുകൾ വീതമെങ്കിലും കൊണ്ടുപോകുവാനും വിറ്റഴിക്കാനും പരിശ്രമിക്കണം. 2009 ഒക്ടോബർ 10 നാണ് നറുക്കെടുപ്പ്. ഒക്ടോബർ 2-ാം തിയ്യതി കൂപ്പണുകളുടെ ബുക്ക് തിരിച്ചേല്പിക്കണം. ബുക്ക് നഷ്ടപ്പെടുത്തരുത്. ഇഷ്യൂ ചെയ്തിട്ടുള്ള മൊത്തം നമ്പറുകളിൽ നിന്നാണ് നറുക്കെടുപ്പ്. അതിനാൽ മുഴുവൻ കൂപ്പണുകളും വിറ്റ് പണം രൂപത കേന്ദ്രത്തിൽ എത്തിച്ചാൽ മാത്രമെ സമ്മാനം ലഭിക്കുകയുള്ളൂ.

എല്ലാ യൂണിറ്റുകളും സമ്മാനങ്ങൾ നല്കി ഈ സംരംഭത്തെ സഹായിച്ചിട്ടുണ്ട്. എല്ലാവർക്കും നന്ദി. തുടർന്നും കൂപ്പണുകളുടെ വിൽപ്പനയിൽ സഹകരിച്ച് യൂണിറ്റുകൾക്ക് കഴിയുന്നത്ര സാമ്പത്തികവളർച്ച നേടുവാൻ പരിശ്രമിക്കുക. ഇനിയും സമ്മാനങ്ങൾ നൽകാത്ത യൂണിറ്റുകളും സഹകരിക്കുക. കൂടുതൽ ബുക്കുകൾ ആവശ്യമുള്ളവർ രൂപതാ കേന്ദ്രവുമായി ബന്ധപ്പെടുക.

**വൈദിക - യുവജനവർഷം**

എല്ലാ വൈദികർക്കുവേണ്ടിയും പ്രത്യേകിച്ച് ഇടവക വികാരിയച്ചനുവേണ്ടിയും ഇടവകയിൽ നിന്നുള്ള സമർപ്പിതർക്കുവേണ്ടിയും പ്രാർത്ഥിക്കുക.

ഇടവകയിലെ യുവജനപ്രസ്ഥാനത്തെ വളർത്താനും മക്കളെ സംഘടനയിൽ ചേർന്നു പ്രവർത്തിക്കാനും പ്രോത്സാഹിപ്പിക്കുക. സഹകരിക്കുക.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം





# C W W C

**സ്ത്രീശക്തി രാഷ്ട്രീയ നവോത്ഥാനത്തിന്**

ഭാരതത്തിന്റെ തലപ്പത്ത് സ്ത്രീകളുടെ ശക്തമായ സാന്നിദ്ധ്യം: യു.പി.എ. അദ്ധ്യക്ഷ ശ്രീമതി സോണിയ ഗാന്ധി, രാഷ്ട്രപതി ശ്രീമതി പ്രതിഭ പാട്ടീൽ, സ്പീക്കർ ശ്രീമതി മീരാ കുമാർ. വിവിധ മേഖലകളിൽ 33% സംവരണം സ്ത്രീകൾക്ക് ഉറപ്പുവരുത്തുന്ന ബില്ലിന് സർവ്വപിന്തുണയും പ്രഖ്യാപിക്കാം.

**കേരളം ഉന്നത വിദ്യാഭ്യാസത്തിന് വിലങ്ങുവെയ്ക്കുന്നു.**

സ്വാശ്രയ മേഖലയിലെ ഉന്നത വിദ്യാഭ്യാസത്തിന് തടസ്സം നിൽക്കുന്ന കേരള സർക്കാർ നയങ്ങൾ സാമൂഹിക നീതിയോ? സത്യാവസ്ഥ ആഴമായി പഠനവിഷയമാക്കേണ്ടിയിരിക്കുന്നു.

**സ്ത്രീശക്തീകരണത്തിന്റെ പത്തുപ്രമാണങ്ങൾ**

1. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ ആദരവു നല്കുക.
2. ഭാര്യാഭർത്താക്കന്മാരുടെ അടിസ്ഥാന തുല്യത അംഗീകരിക്കുക.
3. ലിംഗനീതിയും തുല്യപങ്കാളിത്തവും ഉറപ്പുവരുത്തുന്ന നിലപാടു സ്വീകരിക്കുക.
4. അതിനാവശ്യമായ പഠനങ്ങളും പരിശ്രമവും നടത്തുക, മാധ്യമോപാധികൾ ഉപയോഗിക്കുക.
5. അവ പഠിക്കാൻ സ്ത്രീകൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തുകയും പരിശീലനം ലഭിച്ചിട്ടുള്ള സ്ത്രീകൾക്ക് സഭയിൽ പ്രവർത്തിക്കാൻ അവസരം ഒരുക്കുകയും ചെയ്യുക.
6. സഭയുടെ പ്രാദേശികവും ദേശീയവുമായ തലങ്ങളിലെല്ലാം സ്ത്രീപ്രാതിനിധ്യം 35% ഉറപ്പാക്കുക.
7. സ്ത്രീകളുടെ അജപാലന പ്രവർത്തനങ്ങളും സഭാശുശ്രൂഷകളും അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
8. ദാരിദ്രരും ദളിതരും ആദിവാസികളുമായ സ്ത്രീകൾക്ക് വിദ്യാഭ്യാസവും സഭാസ്ഥാപനങ്ങളിൽ അവർക്ക് ജോലി സാധ്യതയും നൽകുക.
9. പ്രവാസികളായ സ്ത്രീകളുടെയും കുട്ടികളുടെയും സുഃസ്ഥിതിക്കായും സ്ത്രീ വാണിഭത്തിനെതിരായും ഒത്തൊരുമിച്ച് പ്രവർത്തിക്കുക.
10. രാഷ്ട്രീയ നേതൃനിരകളിലേക്കുവരാൻ സ്ത്രീകളെ സഹായിക്കുക.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, CWWC

# Jesus Fraternity

മംഗലപ്പുഴ സെമിനാരിയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ വിവിധ ജയിലുകളിൽ കഴിയുന്നവർക്കായി, “തടവറ സംഗീതം” 2008-09 വർഷത്തെ മാസികയിലേക്കു വേണ്ടി നടത്തപ്പെട്ട സാഹിത്യ രചനാ മത്സരങ്ങളിൽ കവിതാ രചനയിൽ പാലക്കാട് സ്പെഷൽ ജയിലിലെ ചിത്ര ടി.കെ. മൂന്നാം സ്ഥാനത്തിന് അർഹമായി. ശ്രീമതി. ചിത്രക്ക് ജീസസ്സ് ഫ്രറ്റേണിറ്റിയുടെ അഭിനന്ദനങ്ങൾ.

**ഫാ. മാർട്ടിൻ തട്ടിൽ**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി





# കെ.സി.വൈ.എം.

**മെത്തനോയിയ**

യുവജനങ്ങളുടെ ആത്മീയ ഉണർവ്വിനുതകുന്നതിനായി ഒരുക്കിയിരിക്കുന്ന ഫൊറോന ധ്യാനങ്ങൾ, ഒറ്റപ്പാലം ഫൊറോനയിൽ കേരളശ്ശേരി യൂണിറ്റിൽ വെച്ചും വടക്കഞ്ചേരി ഫൊറോനയുടേത് ലൂർദ്ദ്മാതാ പാരിഷ് ഹാളിലും ജൂൺ 13ന് നടന്നു. മറ്റ് ഫൊറോനകളിൽ ജൂൺ, ജൂലായ് മാസങ്ങളിൽ തന്നെ ധ്യാനങ്ങൾ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**സമ്പൂർണ്ണ കെ.സി.വൈ.എം. ഫൊറോന**

രൂപതയിലെ ആദ്യത്തെ സമ്പൂർണ്ണ കെ.സി.വൈ.എം. ഫൊറോനയായി ഒറ്റപ്പാലം ഫൊറോന പ്രഖ്യാപിക്കപ്പെടുന്നു. ജൂലൈ 5-ാം തിയ്യതി വിവിധ പരിപാടികളോടുകൂടി ഔദ്യോഗിക പ്രഖ്യാപനം നടക്കും. ബഹു. വികാരി ജനറാൾ അച്ചനും ഫൊറോന വികാരിയച്ചനും നേതൃത്വം നൽകുന്നു. ഒറ്റപ്പാലം ഫൊറോനാദേവാലയത്തിൽ നിന്നും തുടങ്ങുന്ന ദീപശിഖാ പ്രയാണം പാലപ്പുറത്തെത്തി അവിടെ നടക്കുന്ന പൊതു സമ്മേളനത്തോടുകൂടി അവസാനിക്കുന്നു.

**കുടുക്ക- 2**

കുട്ടികളിലെ സഹിത്യാഭിരുചി വളർത്തുന്നതിനായുള്ള കെ.സി.വൈ.എം. സംരംഭമായ ‘കുടുക്ക’യുടെ രണ്ടാം ഘട്ടം ജൂലൈ 17, 18, 19 തിയ്യതികളിൽ ധോണിയിൽ വെച്ച് നടക്കുന്നു.

**യുവജനദിനം**

ജൂലൈമാസം 5-ാം തിയ്യതി യുവജനദിനമായി എല്ലാ യൂണിറ്റുകളിലും സമുചിതമായി ആഘോഷിക്കുന്നു.

**യുവജന വർഷം**

ജൂലൈ 21ന് വടക്കഞ്ചേരി ഫൊറോനയിൽ വെച്ച് ഈ വർഷത്തെ യുവജന വർഷമായുള്ള പ്രഖ്യാപനം ഔദ്യോഗികമായി നടക്കുന്നു. തുടർന്നുള്ള പൊതുസമ്മേളനത്തിൽ സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ സംസാരിക്കും. എല്ലാ യൂണിറ്റുകളിൽ നിന്നും അന്നേ ദിവസം സജീവമായ ഭാഗഭാഗിത്വം ഉണ്ടായിരിക്കേണ്ടതാണ്.

**ഫാ. ആന്റോ തൈക്കാട്ടിൽ**
ഡയറക്ടർ, കെ.സി.വൈ.എം.

# തിരുബാലസഖ്യം

**ലീഡേഴ്സ് & ആനിമേറ്റേഴ്സ് മീറ്റ്**

തിരുബാല സഖ്യം ലീഡേഴ്സിന്റെയും ആനിമേറ്റേഴ്സിന്റെയും മീറ്റിംഗ് ജൂൺ 21-ന് ശനിയാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. പെരിയ ബഹു ജോസഫ് ചിറ്റിലപ്പിള്ളിയച്ചൻ ഉദ്ഘാടനം നിർവ്വഹിച്ച പ്രസ്തുത മീറ്റിംഗിൽ 64 ആനിമേറ്റേഴ്സും 152 ലീഡേഴ്സും പങ്കെടുത്തു. രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയായിരുന്നു മീറ്റിംഗ്. പങ്കെടുത്ത എല്ലാ ബഹു ആനിമേറ്റേഴ്സിനും ലീഡേഴ്സിനും ഹൃദയം നിറഞ്ഞ നന്ദി.

**പുത്തൻ നേതൃത്വം**

2009-2010 പ്രവർത്തന വർഷത്തെ രൂപതാ ഫൊറോന ഭാരവാഹികളായി താഴെ പറയുന്ന വരെ തിരഞ്ഞെടുത്തു.

**രൂപതാ ഭാരവാഹികൾ**

പ്രസിഡന്റ്- ജോമി വട്ടക്കര, പാലക്കുഴി

സെക്രട്ടറി - അലീന സിബി, കാരാപ്പാടം.

**ഫൊറോന ഭാരവാഹികൾ**

| ഫൊറോന | പ്രസിഡന്റ് | സെക്രട്ടറി |
|---|---|---|
| 1 കാഞ്ഞിരപ്പുഴ | സ്നേഹ നടക്കൽ<br>കാഞ്ഞിരപ്പുഴ | സോന സിബി<br>പാലക്കയം |
| 2 മണ്ണാർക്കാട് | അലീന സിബി<br>കാരപ്പാടം | ആൽബിൻ കളരിക്കൽ<br>ശ്രീകൃഷ്ണപുരം |
| 3 മേലാർക്കോട് | ജിബിൻപയസ്<br>നെന്മാറ | ഡോണിയബാബു<br>മംഗലംഡാം |
| 4 ഒറ്റപ്പാലം | ജിസ്ന പന്നിക്കോട്ടിൽ<br>ഒറ്റപ്പാലം | ആൻസി പാലക്കൽ<br>കടമ്പൂർ |
| 5 പാലക്കാട് | എബിൻ എയ്ഞ്ചൽ നിലയം<br>കല്ലേപ്പുള്ളി | നിമ്മി<br>കത്തീഡ്രൽ |
| 6 താവളം | ആൽബിൻ കീഴാനിക്കരയിൽ<br>ത്രിത്വമല | എബിൻഷിജി<br>കാരറ |
| 7 വടക്കഞ്ചേരി | ജോമി വടക്കര, പാലക്കുഴി | അക്ഷയ്, വള്ളിയോട് |
| 8 ഒലവക്കോട് | ജോജോ പുലാപ്പറ്റ | കാതറിൻ മലമ്പുഴ |

**രൂപതാ പ്രമോട്ടർ**

റവ.സി.റോസ് ആന്റോ FCC, സെന്റ് ജോസഫ് F.C Convent ഒറ്റപ്പാലം

**രൂപതാ കോ-ഓർഡിനേറ്റർ**

റവ. സി. റീത്ത CMC, മേഴ്സി കോളേജ്, പാലക്കാട്





കഴിഞ്ഞ വർഷത്തെ ഫൊറോന പ്രൊമോട്ടേഴ്സ് ഈ വർഷവും തുടരുന്നു.

**ആശംസകൾ.... നന്ദി**

സംഘടനയുടെ പുതിയ ഭാരവാഹികൾക്ക് എല്ലാവിധ ആശംസകളും നേരുന്നു. ഒപ്പം മുൻവർഷത്തെ ഭാരവാഹികളുടെ സ്തുത്യർഹ സേവനത്തിന് അകമഴിഞ്ഞ നന്ദി.

**തിരുബാലസംഖ്യം സെമിനാറുകൾ**

| | | |
|---|---|---|
| 4.7.09 ശനി | 9.30am to 4.00pm | കാഞ്ഞിരപ്പുഴ ഫൊറോന-ഫൊറോന പാരിഷ് ഹാൾ |
| 18.7.09 ശനി | 9.30am to 4.00pm | മേലാർക്കോട് ഫൊറോന- മംഗലംഡാം പാരിഷ് ഹാൾ |
| 21.7.09 ചൊവ്വ | 9.30am to 4.00pm | താവളം ഫൊറോന - സെഹിയോൻ ധ്യാനകേന്ദ്രം. |
| 25.7.09 ശനി | 9.30am to 4.00pm | ഒലവക്കോട് ഫൊറോന - ഫൊറോന പാരിഷ് ഹാൾ. |
| 8.8.09 ശനി | 9.30am to 4.00pm | പാലക്കാട് ഫൊറോന - പാസ്റ്ററൽ സെന്ററൽ |
| 22.8.09 ശനി | 9.30am to 4.00pm | ഒറ്റപ്പാലം ഫൊറോന - ഫൊറോന പാരിഷ് ഹാൾ |
| 29.8.09 ശനി | 9.30am to 4.00pm | വടക്കഞ്ചേരി ഫൊറോന - ചെറുപുഷ്പം സ്കൂൾ. |
| 1.9.09 ചൊവ്വ | 9.30am to 4.00pm | മണ്ണാർക്കാട് ഫൊറോന - ഫൊറോന പാരിഷ് ഹാൾ |

**ബാഡ്ജ് പ്രാർത്ഥന പുസ്തകം**

തിരുബാല സഖ്യത്തിന്റെ ബാഡ്ജും പുതിയ പ്രാർത്ഥനാ പുസ്തകവും സാൻജോ ബുക്സ്റ്റാളിൽ ലഭ്യമാണ്. എല്ലാ യൂണിറ്റിലും പുതിയ പ്രാർത്ഥനാ പുസ്തകം ഉപയോഗിക്കാൻ ശ്രദ്ധിക്കുമല്ലോ. ബാഡ്ജിന്റെ കൂടെ ഉപയോഗിക്കേണ്ട റിബണിന്റെ നിറം റോസ് ആണ്. യൂണിറ്റ് പ്രാർത്ഥനാ വേളയിലും ഫൊറോന, രൂപത മീറ്റിമമമമങ്ങുകളിലും ബാഡ്ജ് നിർബന്ധമായും ധരിച്ചിരിക്കണം.

**രജിസ്ട്രേഷൻ**

അംഗത്വ രജിസ്ട്രേഷനുള്ള അവസാന തിയ്യതി ജൂൺ 30 ആണ്. രജിസ്ട്രേഷൻ ഫോം ഏല്പിക്കാത്തവർ എത്രയും വേഗം അത് രൂപതാ ഓഫീസിൽ ഏല്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ, തിരുബാലസഖ്യം

# സീനായ് ധ്യാനകേന്ദ്രം

**പരിശുദ്ധാത്മാഭിഷേക ധ്യാനം**

2009 ജൂലൈ 5 മുതൽ 10 വരെ, 19 മുതൽ 24 വരെ.

ഫാ. ബെന്നി പീറ്റർ

**ഡയറക്ടർ, സീനായ് ധ്യാനകേന്ദ്രം**

# K.C.S.L

2009-2010 വർഷത്തിലെ കെ.സി.എസ്.എലിന്റെ രൂപതാ തല പ്രവർത്തന വർഷ ഉദ്ഘാടനം ജൂലൈ 11-ാം തിയതി ശനിയാഴ്ച രാവിലെ 10 മണിക്ക് കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് നടത്തപ്പെടുന്നു. കത്തീഡ്രൽ വികാരി പെരിയ ബഹു. ജോസ് കല്ലുവേലിൽ അച്ചൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു തുടർന്ന് ക്ലാസ്സും കുട്ടികളുടെ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. ഉച്ചകഴിഞ്ഞ് 3 മണിക്ക് പരിപാടികൾ അവസാനിക്കുന്നു. ഭക്ഷണം കൂടെ കരുതേണ്ടതില്ല.

ഈ വർഷത്തെ മാർഗരേഖയും കലണ്ടറും തദവസരത്തിൽ പ്രകാശനം ചെയ്യുന്നതാണ്. കെ.സി.എസ്.എലിന്റെ ധനശേഖരണാർത്ഥമുള്ള കൂപ്പണിന്റെ വിതരണവും അന്നേ ദിവസം നടക്കുന്നു. എല്ലാ ആനിമേറ്റേഴ്സും വിദ്യാർത്ഥി ഭാരവാഹികളും ഇതിൽ സംബന്ധിക്കേണ്ടതാണ്.

കഴിഞ്ഞ വർഷത്തെ പഠനം,കല എന്നീ മേഖലകളിലെ പ്രതിഭകളെ ആദരിക്കുന്നതും പ്രസ്തുത മീറ്റിംഗിലാണ്.

**നന്ദി**

സംസ്ഥാന തല ആനിമേറ്റേഴ്സ് കോൺഫ്രൻസിൽ പങ്കെടുത്ത എല്ലാ ആനിമേറ്റേഴ്സിനും പ്രത്യേകം നന്ദി പറയുന്നു.

**ഫാ. ജസ്റ്റിൻ കോലംകണ്ണി**
ഡയറക്ടർ കെ.സി.എസ്.എൽ

# അൾത്താരസംഘം

**രജിസ്ട്രേഷൻ**

അൾത്താര സംഘത്തിന്റെ രൂപതാതല പരിപാടികൾ ജൂൺ 1-ാം തിയ്യതി മുതൽ ആരംഭിച്ചു. അൾത്താര സംഘത്തിലേക്ക് പുതിയ അംഗങ്ങളെ ചേർക്കുവാൻ ശ്രദ്ധിക്കുമല്ലോ. അൾത്താരസംഘം ഇല്ലാത്ത ഇടവകകളിൽ യൂണിറ്റ് സ്ഥാപിക്കുവാൻ ബഹു. വികാരിയച്ചൻമാരും പ്രധാനാദ്ധ്യാപകൻമാരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. പൂരിപ്പിച്ച രജിസ്ട്രേഷൻ ഫോമുകൾ ഉടൻതന്നെ മതബോധന കേന്ദ്രത്തിൽ എത്തിക്കണം.

**ആനിമേറ്റേഴ്സ് & ലീഡേഴ്സ് മീറ്റ്.**

അൾത്താരസംഘം ആനിമേറ്റേഴ്സിന്റേയും ലീഡേഴ്സിന്റേയും





മീറ്റിംഗ് ജൂൺ 20 -ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 മണിവരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ഈ സമ്മേളനത്തിൽ 219 പേർ പങ്കെടുത്തു. ഏവരുടേയും സഹായസഹകരണത്തിന് ആത്മാർത്ഥമായ നന്ദി.

**അൾത്താരസംഘം സെമിനാറുകൾ**

| | | |
|---|---|---|
| 4.7.09 | ശനി | 9.30 am to 4.00 pm കാഞ്ഞിരപ്പുഴ സെമിനാരി ഫൊറോന പാരിഷ് ഹാൾ |
| 18.7.09 | ശനി | 9.30 am to 4.00 pm മേലാർക്കോട് ഫൊറോന മംഗലംഡാം പാരിഷ് ഹാൾ |
| 21.7.09 | ചൊവ്വ | 9.30 am to 4.00 pm താവളം ഫൊറോന സെഹിയോൻ ധ്യാനകേന്ദ്രം. |
| 25.7.09 | ശനി | 9.30 am to 4.00 pm ഒലവക്കോട് ഫൊറോന ഫൊറോന പാരിഷ് ഹാൾ. |
| 8.8.09 | ശനി | 9.30 am to 4.00 pm പാലക്കാട് ഫൊറോന പാസ്റ്ററൽ സെന്ററൽ |
| 22.8.09 | ശനി | 9.30 am to 4.00 pm ഒറ്റപ്പാലം ഫൊറോന ഫൊറോന പാരിഷ് ഹാൾ |
| 29.8.09 | ശനി | 9.30 am to 4.00 pm വടക്കഞ്ചേരി ഫൊറോന ചെറുപുഷ്പം സ്കൂൾ. |
| 1.9.09 | ചൊവ്വ | 9.30 am to 4.00 pm മണ്ണാർക്കാട് ഫൊറോന ഫൊറോന പാരിഷ് ഹാൾ |

**അൾത്താരസംഘം-ക്വിസ്മത്സരം**

പൗരോഹിത്യവർഷം ആചരിക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമാണല്ലോ അൾത്താരശുശ്രൂഷകരുടെ രൂപീകരണം. അൾത്താര ശുശ്രൂഷ പ്രാഥമിക സെമിനാരി കാലഘട്ടമാണെന്ന് ബനഡിക്ട് പതിനാറാമൻ മാർപാപ്പ അഭിപ്രായപ്പെടുന്നു. അൾത്താരയിലെ കൂദാശാപരികർമ്മങ്ങളോട് അടുത്ത് നിൽക്കുന്ന ശുശ്രൂഷകർ നല്ല രൂപീകരണത്തിന് വിധേയരാകണം. ഇതിനുവേണ്ട അറിവും പരിശീലനവും അവർക്കുണ്ടാവണം.

ഇതിനായി ഈ വർഷം അൾത്താര ശുശ്രൂഷകർക്കായി ക്വിസ് മത്സരം സംഘടിപ്പിക്കുന്നു.

**പഠനഭാഗങ്ങൾ**

| | |
|---|---|
| 1. കുർബ്ബാന പുസ്തകം | 35 മാർക്ക് |
| 2. ജനറൽ ക്വിസ് 2009 | 50 മാർക്ക് |
| 3. അൾത്താരശുശ്രൂഷകർ (1-7 അധ്യായങ്ങൾ) (ഫാ. സ്റ്റീഫൻ ആലത്തറ) | 15 മാർക്ക് |

ഇടവകാതലത്തിൽ മത്സരങ്ങൾ നടത്തി ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന രണ്ടുപേർക്ക് ഒരു ടീമായി ജൂനിയർ സീനിയർ വിഭാഗങ്ങളിൽ ഫൊറോനാതല മത്സരത്തിൽ പങ്കുചേരാവുന്നതാണ്.

ജൂനിയർ വിഭാഗം 7-ാം ക്ലാസ്സുവരെ
സീനിയർ വിഭാഗം 8 മുതൽ II HDC വരെ

**ഫാ. മാത്യു വാഴയിൽ**
ഡയറക്ടർ , അൾത്താരസംഘം

# നവീകരണ മുന്നേറ്റം

ജൂലൈ 31-ാം തിയ്യതി വെള്ളിയാഴ്ച രാത്രി 7 മണി മുതൽ പിറ്റേന്ന് രാവിലെ 5 മണിവരെ പാലക്കാട് കത്തീഡ്രലിൽ വെച്ച് ജാഗരണ പ്രാർത്ഥന നടത്തുന്നു. സോണൽ ഡയറക്ടർ റവ. ഫാ. റെനി പുല്ലുകാലായിൽ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം.

# സി എൽ സി.

കർമ്മ പദ്ധതിപ്രകാശനവും ഏകദിന സെമിനാറും പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് 11-07-09 ന് 10.30 ന് നടക്കുന്നു.

ജൂലൈ 25-ാം തിയ്യതി നാമഹേതുതിരുനാൾ ആഘോഷിക്കുന്ന മാർ ജേക്കബ് മനത്തോടത്ത് പിതാവിന് സി.എൽ.സി കുടുംബാംഗങ്ങളുടെ ആശംസകൾ.

ജൂൺ 13-ാം തിയ്യതി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തിയ ആനിമേറ്റേഴ്സ് മീറ്റിങ്ങിൽ 20-ഓളം ആനിമേറ്റർമാർ പങ്കെടുത്തു. പങ്കെടുത്ത എല്ലാ ആനിമേറ്റേഴ്സിനും രൂപതാ സി.എൽ.സിയുടെ നന്ദി അറിയിക്കുന്നു.

സി.എൽ.സിയുടെ പുതിയ രൂപതാ ആനിമേറ്ററായി ചാർജെടുത്ത ബഹു. സി. ജെസ്സി പോൾ പട്ടാമ്പി (F.C.C)ക്ക് രൂപതാ സി.എൽ.സിയിലേക്ക് ഹൃദ്യമായ സ്വാഗതം. അതോടൊപ്പം കഴിഞ്ഞ പ്രവർത്തനവർഷത്തിൽ ശ്രേഷ്ടമായ സേവനം അനുഷ്ഠിച്ച സി. ജെസ്സിൻ ആന്റോ(ഷൊർണൂർ)യ്ക്ക് രൂപതാ സി.എൽ.സിയുടെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

ജൂലൈ 31 ന് വി. ഇഗ്നേഷ്യസ് ലയോളയുടെ തിരുനാൾ യൂണിറ്റുകളിൽ പ്രത്യേക പ്രാർത്ഥനയും ആഘോഷവും സംഘടിപ്പിക്കേണ്ടതാണ്

സി.എൽ.സി യൂണിറ്റുകളിലേക്ക് ആവശ്യമായ മെഡലുകൾ, പതാക, പ്രാർത്ഥനാ പുസ്തകം എന്നിവ രൂപതാ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്നതാണ്.

**ഫാ. മാർട്ടിൻ ഏറ്റുമാനൂക്കാരൻ**
ഡയറക്ടർ, സി.എൽ.സി.





# സെഹിയോൻ ധ്യാനകേന്ദ്രം.

**ധ്യാനങ്ങൾ**

| മാസം | തീയതി | ധ്യാനംനയിക്കുന്നത് |
|---|---|---|
| ജൂലൈ | 12-17 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം. ഫാ. ബിനോയ് കരിമരുതിങ്കൽ |
| ജൂലൈ | 19-24 | വൈദികരുടെ ധ്യാനം ഫാ. സേവ്യർഖാൻ വട്ടായിൽ |
| ജൂലൈ | 26-31 | ആന്തരീകസൗഖ്യ വളർച്ചാധ്യാനം. ഫാ. റെനി പുല്ലുകാലായിൽ |

ധ്യാനത്തിന്റെ ഫീസ് 300 രൂപയാണ്. 50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 - 253333, 253647. സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക.

sehionretratcentre.blogspot.com, sehiontelevision.blogspot.com

**സെഹിയോൻ കൺവെൻഷൻസ്**

ജൂലൈ 5 ഞായറാഴ്ച കോയമ്പത്തൂർ ഗാന്ധിപുരം ലൂർദ്ദ് ഫൊറോന പള്ളിയിൽ വൈകുന്നേരം 4.00 മണിമുതൽ 8.30 വരെ സായാഹ്ന കൺവെൻഷൻ.

ജൂലൈ 18 ശനിയാഴ്ച ചങ്ങനാശ്ശേരി ചെത്തിപ്പുഴ കാർമ്മൽ മൗണ്ട് റിന്യൂവൽ സെന്ററിൽ രാവിലെ 9.00 മണിമുതൽ വൈകുന്നേരം 4.00 മണി വരെ ഏകദിന കൺവെൻഷൻ.

ജൂലൈ 19 ഞായറാഴ്ച പാലക്കാട് ടൗൺഹാൾ അനക്സിൽ രാവിലെ 10.00 മുതൽ വൈകുന്നേരം 4.00 വരെ ഏകദിന കൺവെൻഷൻ.

**ഫാ. സേവ്യർഖാൻ വട്ടായിൽ.**
ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# പി.എസ്.എസ്.പി.

**SAVE A FAMILY സ്പോൺസർമാരുടെ ശ്രദ്ധക്ക്**

SAFP ഗുണഭോക്താക്കൾക്കുള്ള മാസവരവ് ജൂൺമാസം മുതൽ 750/- രൂപയാണ്. SAFP ഗുണഭോക്താക്കളുടെ വ്യക്തിഗത ബുക്കിൽ ജൂൺമാസം മുതൽ 750/- രൂപ വരവ് വയ്ക്കുക

**SAFP ഗുണഭോക്താക്കൾ മെയ്, ജൂൺ മാസങ്ങളിൽ ആരംഭിച്ച പദ്ധതികൾ**

| SL.No | പദ്ധതി | എണ്ണം | തുക |
|---|---|---|---|
| 1 | പശുവളർത്തൽ | 20 | 2,12,500 |
| 2 | ആട് വളർത്തൽ | 12 | 77000 |
| 3 | കോഴി വളർത്തൽ | 20 | 18000 |
| 4 | ഓട്ടോറിക്ഷ | 2 | 25000 |
| 5 | കാർഷികം | 8 | 47000 |
| 6 | ടൈലറിംഗ് | 3 | 15000 |
| 7 | വിദ്യാഭ്യാസം | 125 | 62500 |
| 8 | പെട്ടിക്കട | 4 | 20000 |
| 9 | ചായക്കട | 2 | 10,000 |
| 10 | ചികിത്സ | 6 | 30000 |
| | **ആകെ** | **202** | **517000** |

**ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ്**

1-7-09 ന് ബുധനാഴ്ച ജില്ലാ വിമൻസ് ഫെഡ് മീറ്റിംഗ് PSSP യിൽ വച്ച് 11 മണിക്ക് കൂടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 8.7.09 | ബുധൻ | മണ്ണാർക്കാട് | പൂഞ്ചോല | 11 am |
| 8.7.09 | ബുധൻ | നെന്മാറ | നെന്മാറ | 11 am |
| 9.7.09 | വ്യാഴം | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 11 am |
| 10.7.09 | വെള്ളി | ആലത്തൂർ | FCC വടക്കഞ്ചേരി | 11 am |
| 10.7.09 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2 pm |
| 13.7.09 | തിങ്കൾ | പാലക്കാട്/മലമ്പുഴ | ഇരുപ്പക്കാട് | 11 am |

**റീജിയണൽ ഓഫീസ്**

| | | | |
|---|---|---|---|
| 15.7.09 | ബുധൻ | നെന്മാറ പാരിഷ്ഹാൾ | 11 am to 2 pm |
| 16.7.09 | വ്യാഴം | കരിമ്പ പാരിഷ് ഹാൾ | 11 am to 2 pm |
| 21.7.09 | ചൊവ്വ | സാൻജോ ടവ്വർ | 10 am to 1 pm |





**ജെ.എസ്.എസുമായി സഹകരിച്ച് താഴെ പറയുന്ന ദിവസങ്ങളിൽ വിവിധ സ്ഥലങ്ങളിൽ വച്ച് തൊഴിൽ പരിശീലനങ്ങൾ ആരംഭിക്കുന്നു:**

| | | | |
|---|---|---|---|
| 1, 6.7.09 | തിങ്കൾ | പുതുക്കാട് സമാജത്തിൽ | കോഴിവളർത്തൽ |
| 2, 20.7.09 | തിങ്കൾ | കരിമ്പ സമാജത്തിൽ | കാറ്ററിംഗ് |
| 3, 22.7.09 | ബുധൻ | കാരാകുറുശ്ശി സമാജത്തിൽ | കൂൺ കൃഷി |
| 4, 27.7.09 | തിങ്കൾ | കാരാപ്പാടം സമാജത്തിൽ | തയ്യൽ |
| 5, 29.7.09 | ബുധൻ | വേലിക്കാട് സമാജത്തിൽ | കൂൺകൃഷി |
| 6, 23.7.09 | വ്യാഴം | പുത്തൻതറ സമാജത്തിൽ | തയ്യൽ |

**വാർഷികാഘോഷം**

കാഞ്ഞിരപ്പുഴ സ്നേഹ അയൽകൂട്ടങ്ങൾ, പാവന മഹിളാ സമാജം എന്നിവയുടെ സംയുക്ത വാർഷികാഘോഷം 6.7.09 ന് തിങ്കളാഴ്ച കാഞ്ഞിരപ്പുഴ പാരിഷ് ഹാളിൽ വച്ച് 2 മണിക്ക്.

ആലങ്ങാട് ചൈതന്യ മഹിളാ സമാജത്തിന്റെ വാർഷികാഘോഷം 11.7.09ന് ശനിയാഴ്ച പാലാരി എൽ.പി. സ്കൂളിൽ വച്ച് 11 മണിക്ക്.

**അയൽകൂട്ട വിലയിരുത്തൽ**

പി.എസ്.എസ്.പിയുടെ അയൽകൂട്ടങ്ങളെ ധനലക്ഷ്മി ബാങ്ക് സുൽത്താൻപേട്ട ബ്രാഞ്ചും, പി.എസ്.എസ്.പിയും ചേർന്ന് ജൂലൈ മാസത്തിൽ ഗ്രേഡിംഗ് നടത്തി വായ്പ നൽകുന്നു.

**മെഡിക്ലെയിം**

ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് പി.എസ്.എസ്.പി യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് എന്ന മെഡിക്ലെയിം പദ്ധതിയിൽ അംഗങ്ങളെ ചേർത്തു വരുന്നു. ആശുപത്രിയിൽ കിടന്നു ചികിത്സിക്കുമ്പോൾ ചിലവാകുന്ന സംഖ്യ മടക്കി ലഭിക്കുന്നതാണ് പദ്ധതി. ഒരു വർഷം 30000 രൂപ വരെ ലഭിക്കും. അഞ്ച് അംഗ കുടുംബത്തിന് 450 രൂപയും, 7 അംഗ കുടുംബത്തിന് 600 രൂപയും വ്യക്തിക്ക് 300 രൂപയുമാണ് പ്രമീയം. കൂടുതൽ വിവരങ്ങൾക്ക് പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടുക.

**സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ്**

പടർന്നു പിടിക്കുന്ന മഴക്കാല രോഗങ്ങൾക്കെതിരെ സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ് ജൂലൈ മാസത്തിൽ നടത്താനാഗ്രഹിക്കുന്ന പള്ളികൾ, സമാജം എന്നിവർ താഴെ കാണുന്ന ഫോൺ നമ്പറിൽ എത്രയും വേഗം **ബന്ധപ്പെട്ടാൽ ക്യാമ്പ് തരപ്പെടുത്തിത്തരുന്നതാണ്.**

**9446639672; 0491-2527784**

CRS-HIV/AIDS പദ്ധതി

2009 ജൂലൈ മാസത്തെ പ്രവർത്തന രൂപരേഖ;

| തിയതി | സ്ഥലം | പരിപാടി |
|---|---|---|
| 11.7.09 | നാട്ടുകൽ | നിരീക്ഷണ സമിതി അംഗങ്ങളുടെ ശാക്തീകരണ സെമിനാർ |
| 15.7.09 | കൊഴിഞ്ഞാമ്പാറ | പ്രൊജക്ട് സ്റ്റിയറിംഗ് കമ്മിറ്റി മീറ്റിംഗ് |
| 25.7.09 | പാസ്റ്ററൽ സെന്റർ | HIV ബാധിതരുടെ മാസയോഗവും, പോഷകാഹാരകിറ്റ്, യാത്രാബത്ത എന്നിവയുടെ വിതരണവും |
| 25.7.09 | പാസ്റ്ററൽ സെന്റർ | കുട്ടികളുടെ മാസയോഗവും, കിറ്റ്, യാത്രാബത്ത എന്നിവയുടെ വിതരണവും |
| 25.7.09 | പാസ്റ്ററൽ സെന്റർ | ശാക്തീകരണ സെമിനാർ HIV ബാധിതർക്കും കുടുംബാംഗങ്ങൾക്കും |
| 27.7.09 | പാസ്റ്ററൽ സെന്റർ | HIV ബാധിതർക്കുള്ള തൊഴിൽ പരിശീലനം |

**സാങ്കേതിക തൊഴിൽ പരിശീലനം**

**ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാട്**

കേന്ദ്ര മാനവവിഭവശേഷി വികസന മന്ത്രാലയത്തിന് കീഴിലുള്ള ജൻ ശിക്ഷൻ സൻസ്ഥാൻ പാലക്കാടിന്റെ ആഭിമുഖ്യത്തിൽ 2009 ജൂലൈ മാസം നടപ്പിലാക്കുന്ന സാങ്കേതിക തൊഴിൽ പരിശീലനങ്ങൾ

| നമ്പർ | കോഴ്സുകൾ | ബാച്ചുകൾ | സ്ഥലം |
|---|---|---|---|
| 1 | ടൈലറിങ്ങ് & ഡ്രസ്സ്മെയ്ക്കിംഗ് | 6 | കാരാപ്പാടം, കരിമ്പ വിത്തിനശ്ശേരി, കിഴക്കഞ്ചേരി പെരുമാട്ടി, വാളയാർ |
| 2 | ഫാബ്രിക് പെയ്ന്റിംഗ് | 2 | അട്ടപ്പാടി, പെരുമാട്ടി |
| 3 | കാറ്ററിംഗ് | 2 | എളവംപാടം, കരിമ്പ |
| 4 | പഴം, പച്ചക്കറി സംസ്ക്കരണം | 1 | മുണ്ടൂർ |
| 5 | ഫ്ളോറികൾച്ചർ | 1 | ഷോളയൂർ |
| 6 | വാഴനാരുല്പ്പന്ന നിർമ്മാണം | 1 | പട്ടാമ്പി |
| 7 | കൂൺ കൃഷി, കൂൺ സംസ്ക്കരണം | 2 | കാരാക്കുറിശ്ശി, കരിമ്പ |
| 8 | അനിമൽ ഹസ്ബണ്ടറി | 2 | കാഞ്ഞിരപ്പുഴ, മംഗലം ഡാം |
| 9 | കോഴി വളർത്തൽ | 2 | പുതുക്കാട്, ധോണി |
| 10 | ബയോഫാമിംഗ് | 1 | അട്ടപ്പാടി |
| 11 | സ്ക്രീൻ പ്രിന്റിംഗ് | 2 | പട്ടാമ്പി, വാണിയംകുളം |
| 12 | പേപ്പർ ബാഗ് നിർമ്മാണം | 1 | മലമ്പുഴ |
| 13 | മുളയുൽപ്പന്ന നിർമ്മാണം | 1 | പാലക്കാട് |
| 14 | കാർപെന്ററി | 1 | പട്ടാമ്പി |
| 15 | ബുക്ക് ബൈന്റിംഗ് | 2 | ധോണി അട്ടപ്പാടി |
| 16 | മൊബൈൽഫോൺ സർവ്വീസിംഗ് | 1 | വാണിയംകുളം |
| 17 | ഓട്ടോ ഇലക്ട്രിഷ്യൻ | 2 | കാഞ്ഞിരപ്പുഴ, മണ്ണാർക്കാട് |
| 18 | ഇലക്ട്രിഷ്യൻ | 4 | ചാവടിയൂർ, അഗളി, മുക്കാലി, കാരറ |





പീപ്പിൾസ് സർവ്വീസ് സൊസൈറ്റിയുടെ ഏക്സിക്യൂട്ടീവ് സെക്രട്ടറിയും രൂപതാ സോഷ്യൽ ആക്ഷൻ ഡയറക്ടറുമായി അഭിവന്ദ്യപിതാവിനാൽ നിയമിതനായതിൽ സന്തോഷമുണ്ട്. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണവും നിർദ്ദേശങ്ങളും അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ എട്ട് വർഷത്തോളം എക്സിക്യൂട്ടീവ് സെക്രട്ടറിയെന്ന നിലയിൽ പി.എസ്.എസ്.പി യുടെ സർവ്വതോന്മുഖമായ വളർച്ചക്കുവേണ്ടി അക്ഷീണം യത്നിച്ച ബഹു.അബ്രാഹം പാലത്തിങ്കലച്ചന് സൊസൈറ്റി ഭരണസമിതിയുടെയും, വിവധ ഏജൻസികളുടെയും, ഗുണഭോക്താക്കളുടെയും, സ്റ്റാഫംഗങ്ങളുടെയും പേരിൽ ആത്മാർത്ഥമായ നന്ദി പ്രകാശിപ്പിക്കുന്നു; തുടർന്നുള്ള പ്രവർത്തന മണ്ഡലങ്ങളിൽ എല്ലാവിധ വിജയവും ദൈവാനുഗ്രഹങ്ങളും നേരുന്നു. പി.എസ്.എസ്.പിയുടെ അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ടോണി കോഴിപ്പാടൻ അച്ചന് അഭിനന്ദനങ്ങൾ; സ്വാഗതം!

**ഫാ. ജേക്കബ് മാവുങ്കൽ**

എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# From the Bishop's Diary

**മെയ് 2009**

28 പൊമ്പ്ര സെന്റ് ആന്റണീസ് ഇടവകയിൽ നടന്ന ധ്യാനത്തിന് സമാപന സന്ദേശം നൽകി. വി. കുർബ്ബാന അർപ്പിച്ചു.

29 2009-2010 മതബോധന വർഷത്തിന്റെ ഉദ്ഘാടനം പാസ്റ്ററൽ സെന്ററിൽ നിർവ്വഹിച്ചു.

29-30 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കാറ്റികിസം കമ്മീഷൻ മീറ്റിംഗിൽ സംബന്ധിച്ചു.

31 കൈതച്ചിറ ക്രിസ്തുജ്യോതി പള്ളിയിൽ കുട്ടികൾക്ക് സ്ഥൈര്യലേപനവും പ്രഥമ ദിവ്യകാരുണ്യവും നൽകി. വി. കുർബ്ബാന അർപ്പിച്ചു.

- കാഞ്ഞിരപ്പുഴ സെന്റ് തോമസ് ഫൊറോന പള്ളിയുടെ സ്റ്റേഷൻ പള്ളിയായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പാലംപറ്റയിൽ പള്ളിക്ക് ശിലാസ്ഥാപനം നിർവ്വഹിച്ചു.

**ജൂൺ 2009**

2 പൊൽപുള്ളി സെറാഫിക് നൊവീഷ്യേറ്റ് ഹൗസിൽ നൊവീസസിന് ക്ലാസ്സെടുത്തു.

3. മുണ്ടൂർ യുവക്ഷേത്രയിൽ വിവാഹത്തിനൊരുക്കമായുള്ള കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

4 കൊല്ലങ്കോട് ഹോളിഫാമിലി മഠത്തിൽ നൊവീസസിന് ക്ലാസെടുത്തു.

5 നിയുക്ത പുനലൂർ രൂപതാദ്ധ്യക്ഷൻ മോൺ. സിൽവർസ്റ്റർ പൊന്നുമുത്തൻ അരമന സന്ദർശിച്ചു.

6 പാടൂർ ഹോളി ക്രോസ് ഇടവക ദൈവാലയത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് കൃതജ്ഞതാബലിയർപ്പിച്ചു. കുട്ടികൾക്ക് സ്ഥൈര്യലേപനവും പ്രഥമ ദിവ്യകാരുണ്യവും നൽകി.

7. തിരുപ്പൂർ മൗണ്ട് കാർമ്മൽ ഇടവകയിൽ കുട്ടികൾക്ക് സ്ഥൈര്യലേപനവും പ്രഥമ ദിവ്യകാരുണ്യവും നൽകി. വി. കുർബ്ബാന അർപ്പിച്ചു.

- എട്ടിമട സ്നേഹാലം ആശ്രമത്തിൽ സന്ദർശനം നടത്തി.





8 കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ നവാഗതരായ വിദ്യാർത്ഥികൾക്ക് സന്ദേശം നൽകി.

9-10 എറണാകുളം പി.ഒ.സിയിൽ നടന്ന കെ.സി.ബി.സി. മീറ്റിംഗിൽ സംബന്ധിച്ചു.

11-12 താവളം സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വൈദികർക്കായുള്ള ധ്യാനത്തിൽ സംബന്ധിച്ച് സന്ദേശം നൽകി.

13 പാസ്റ്ററൽ സെന്ററിൽ ബി.ടി.സി. കോഴ്സിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

14 രാമനാഥപുരം ഹോളി ട്രിനിറ്റി ഫൊറോന ഇടവകയിൽ കുട്ടികൾക്ക് സ്ഥൈര്യലേപനവും പ്രഥമ ദിവ്യകാരുണ്യവും നൽകി. വി. കുർബ്ബാന അർപ്പിച്ചു.

- കാരമടൈ ഗുഡ്ഷെപ്പേർഡ് ഇടവകയിൽ പുതുതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ഇടവക ദൈവാലയത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

15 തൃശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ രോഗീസന്ദർശനം നടത്തി.

16 പാലന ആശുപത്രിക്ക് സ്റ്റേറ്റ് പൊലൂഷൻ കൺട്രോൾ ബോർഡിൽ നിന്ന് അവാർഡ് ലഭിച്ചതിന്റെ പേരിൽ സംഘടിപ്പിക്കപ്പെട്ട അനുമോദന യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു.

18 തിരുഹൃദയ തിരുനാളിനോടനുബന്ധിച്ച് പാലന ആശുപത്രിയിൽ വി. കുർബ്ബാന അർപ്പിച്ചു.

- ആയുർപാലന ഹോസ്പിറ്റലിൽ പുതുതായി ആരംഭിച്ച ഫിസിയോതെറാപ്പി യൂണിറ്റ് ഉദ്ഘാടനം ചെയ്തു.

- യുവക്ഷേത്രയിൽ തിരുഹൃദയതിരുനാൾ ദിനത്തിലെ പ്രാർത്ഥനാശുശ്രൂഷയ്ക്ക് കാർമ്മികത്വം വഹിച്ചു. സന്ദേശം നൽകി.

- സുപ്രീം കോർട്ട് ജസ്റ്റിസ് ശ്രീ. സിറിയക് ജോസഫ് അരമന സന്ദർശിച്ചു.

19 ബഹു. വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു. രൂപതാതലത്തിൽ വൈദിക വർഷം 2009-2010 ഉദ്ഘാടനം ചെയ്തു.

20. വിദേശത്തേക്ക് യാത്രയായി.